
# കോടശ്ശേരിഗ്രാമപഞ്ചായത്ത്

## തൃശ്ശൂർജില്ല

# പൌരാവകാശരേഖ

# 2024


ശ്രമത്തിലാണ്,
ഫലപ്രാപ്തിയിലല്ല
സംതൃപ്തി ഉളവാകുന്നത്.
സമ്പൂർണ്ണ ശ്രമം
സമ്പൂർണ്ണ വിജയമാകുന്നു.
~ ഗാന്ധിജി

# കോടശ്ശേരി ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

| | | |
|---|---|---|
| 1. പഞ്ചായത്തിലെ പേര് | : | കോടശ്ശേരി |
| 2. ഉൾപ്പെടുന്ന റവന്യൂവില്ലേജുകളുടെ പേരുവിവരം | : | കോടശ്ശേരി, കറ്റിച്ചിറ, എലിഞ്ഞിപ്ര |
| 3. ബ്ലോക്ക് പഞ്ചാ യത്ത് | : | ചാലക്കുടി |
| 4. ബ്ലോക്ക് പഞ്ചാ യത്ത്ഡിവിഷനുകൾ | : | കോടശ്ശേരി, കറ്റിച്ചിറ, എലിഞ്ഞിപ്ര |
| 5. ഗ്രാമപഞ്ചായത്ത്വാർഡുകളുടെ എണ്ണം | : | 20 |
| 6. വാർഡുകളുടെ പേര് | : | 1. കോടശ്ശേരി, 2. നായരങ്ങാടി, 3. മേച്ചിറ, 4. ചട്ടിക്കുളം, 5. മാരാംകോട്, 6. കോർമല, 7. രണ്ടുകൈ, 8 ചായ്പ്പൻക്കുഴി, 9 പീലാർമുഴി, 10. ചെമ്പൻക്കുന്ന്, 11. പുളിങ്കര. 12 കുറ്റിച്ചിറ 13. കുണ്ടുകുഴിപ്പാടം 14. കൂർക്കമറ്റം 15. കമ്മളം 16. കോതേശ്വരം 17. എലിഞ്ഞിപ്ര ഈസ്റ്റ് 18. എലിഞ്ഞിപ്ര വെസ്റ്റ് 19. ചൗക്ക 20. കലിക്കൽ |
| 7. താലൂക്ക് | : | ചാലക്കുടി |
| 8. ജില്ലാ പഞ്ചാ യത്ത് | : | തൃശ്ശൂർ |
| 9. ജില്ലാ പഞ്ചായത്ത്ഡിവിഷൻ | : | അതിരപ്പിള്ളി |
| 10. അസംബ്ലിമണ്ഡലം | : | ചാലക്കുടി |
| 11. പാർലിമെൽമണ്ഡലം | : | തൃശ്ശൂർ |
| 12. വിസ്തീർണ്ണം | : | 93.9 ച. കി. മീ. |
| 13. ജനസംഖ്യ | : | 34198 (2011–ലെ സെൻസ സ് പ്രകാരം) |
| 14. പുരുഷൻമാർ | : | 16642 |
| 15. സ്ത്രീകൾ | : | 17556 |
| 16. ജനസാന്ദ്രത | : | 364 ച കി മീ |
| 17. സ്ത്രീ പുരുഷ അനുപാതം | : | 1040 |
| 18. പട്ടി ക ജാതി ജന സംഖ്യ | : | 4780 |
| (മ)പുരു ഷൻമാർ | : | 2264 |
| (യ)സ്ത്രീകൾ | : | 2516 |
| 18. പട്ടിക വർഗ്ഗം ജനസംഖ്യ | : | 760 |
| (മ)പുരുഷൻമാർ | : | 288 |
| (യ)സ്ത്രീകൾ | : | 472 |
| 20. സാക്ഷരത | : | 85% |
| 21. പ്രധാനവിള | : | തെങ്ങ്, കവുങ്ങ്, നെല്ല്, റബ്ബർ |
| 23. തൊഴിബ്ബ പങ്കാ ളിത്ത നിരക്ക് | | |
| (മ)പുരു ഷൻമാർ | : | 57.12% |
| (യ)സ്ത്രീകൾ | : | 20.84% |
| 24. അതിരുകൾ | | |
| വടക്ക് | : | മറ്റത്തൂർ ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | പരിയാരം ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | അതിരപ്പിള്ളിഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | ചാലക്കുടിമുനിസ്സിപ്പാലിറ്റി |

## ഭരണസമിതി അംഗങ്ങളുടെ വാർഡുകളും വിവരങ്ങളും

# കോടശ്ശേരി ഗ്രാമപഞ്ചായത്ത്


## മെമ്പർമാരുടെവിവരങ്ങള്

| Ward | Ward Name | പേര് | മേൽവിലാസം | ഫോൺ നം. |
|---|---|---|---|---|
| 1 | കോടശ്ശേരി | ടിആർ ബാബു | തോപ്പിൽ വീട്, കലിക്കൽ എലിഞ്ഞിപ്ര പി ഒ, തൃശ്ശൂർ-680721 | 9961062928 |
| 2 | നായരങ്ങാടി | ഇ എജയതിലകൻ | എരുക്കുംപുറം വീട്, നായരങ്ങാടി, കോടശ്ശേരി പി ഒ, തൃശ്ശൂർ-680721 | 9947980008, 9847261128 |
| 3 | മേട്ടിപ്പാടം | വില്ല്യംസ്വി ജെ | വടാശ്ശേരി വീട്, താഴൂർ, കോടശ്ശേരി പി ഒ, തൃശ്ശൂർ-680721 | 9961068270 |
| 4 | ചട്ടിക്കുളം | ഷാജുഎം.എൽ | മേക്കാട്ടുകുളം വീട്, ചട്ടിക്കുളം പിഒ, തൃശ്ശൂർ-680721 | 9947719724 |
| 5 | മാരാംകോട് | ഡെന്നിവർഗ്ഗീസ് | ഉള്ളാട്ടിക്കുളം വീട്, മാരാംകോട്, ചട്ടിക്കുളം പി ഒ, തൃശ്ശൂർ-680721 | 9495332319 |
| 6 | കോർമല | ദീപ പോളി | തുലാപ്പറമ്പൻ വീട്, കോർമല, കുറ്റിച്ചിറ പി ഒ, തൃശ്ശൂർ-680724 | 7561076041 |
| 7 | രണ്ടുകൈ | റിജു എം.ജെ | മാവേലിൽ വീട്, രണ്ടുകൈ, ചായ്പ്പൻക്കുഴി പി ഒ, | 9526968059 |

| | | | | |
|---|---|---|---|---|
| | | | | |
| 8 | ചായ്പ്പൻക്കുഴി | കെ പിജെയിംസ് | കുറ്റിക്കാടൻ വീട്<br>ചായ്പ്പൻക്കുഴി,<br>ചായ്പ്പൻക്കുഴി പി ഒ, | 9495385002, 0480-2769571 |
| 9 | പീലാർമുഴി | സജിത ഷാജി | പുത്തൻച്ചിറ വീട്,<br>കുറ്റിച്ചിറ പി ഒ | 9656365299 |
| 10 | ചെമ്പൻക്കുന്ന് | ജോഫിൻഫ്രാൻസിസ് | കള്ളിയത്തുപറമ്പിൽ വീട്, ചെമ്പൻക്കുന്ന്,<br>കുറ്റിച്ചിറ പി ഒ | 7012560383 |
| 11 | പുളിങ്കര | ഷീമബെന്നി<br>പയ്യപ്പിള്ളി | പയ്യപ്പിള്ളി വീട്, കുറ്റിച്ചിറ പിഒ | 9562483060 |
| 12 | കുറ്റിച്ചിറ | ജിനി ബെന്നി | വെട്ടുപുരക്കൽ വീട്,<br>കുറ്റിച്ചിറ പി ഒ | 6238570495 |
| 13 | കുണ്ടുകുഴിപ്പാടം | ആശ രാകേഷ് | കാട്ടുകുറ്റിവീട്കുണ്ടുകുഴിപ്പാടം<br>കുറ്റിച്ചിറ പി ഒ | 8848853183,<br>9746092752 |
| 14 | ചുർക്കമറ്റം | നിഖിൽചന്ദ്രന് | പെരുമ്പടത്തി വീട്,<br>ചുർക്കമറ്റം, കുറ്റിക്കാട് പി ഒ | 8281579325 |
| 15 | കമ്മളം | കെ ടിജോർജ്ജ് | കല്ലേലി വീട്,<br>നായരങ്ങാടി, ചട്ടിക്കുളം പി ഒ | 8547019493,<br>8086887391 |
| 16 | കോതേശ്വരം | ശ്യാമ സജീവൻ | വെമ്മനശ്ശേരി വീട്<br>നായരങ്ങാടി , കോടശ്ശേരി പി ഒ | 9048640054 |
| 17 | എലിഞ്ഞിപ്ര<br>ഈസ്റ്റ് | ഉഷ ശശിധരൻ | ഐക്കരപ്പറമ്പിൽ വീട്, എലിഞ്ഞിപ്ര പി ഒ,<br>എലിഞ്ഞിപ്ര | 9048241224,<br>2700499 |
| 18 | എലിഞ്ഞിപ്ര വെസ്റ്റ് | സുനന്ദനാരായണൻ | മുല്ലക്കപ്പറമ്പിൽ വീട്, എലിഞ്ഞിപ്ര പി ഒ,<br>എലിഞ്ഞിപ്ര | 9846431802 |
| 19 | ചൌക്ക | കെ കെ സരസ്വതി | കാട്ടുപ്പറമ്പിൽ വീട്, ചൌക്ക,<br>പി ഒ എലിഞ്ഞിപ്ര | 9745843637 |
| 20 | കലിക്കൽ | ശകുന്തളവത്സൻ | തണ്ടാശ്ശേരി വീട്, പി ഒ എലിഞ്ഞിപ്ര,<br>കലിക്കൽ | 8547311909 |

| കോടശ്ശേരിഗ്രാമപഞ്ചായത്ത് | | | | |
|---|---|---|---|---|
| Sl No | Designation | Name | പേര് | Phone number |
| 1 | Secretary | SURESH K S | സുരേഷ് കെ എസ് | 9496046179 |
| 2 | Asst. Secretary | V V ANILKUMAR | വി വി അനിൽകുമാര് | 9446029390 |
| 3 | Junior Superintendent | SUJA TRESA V J | സുജ ട്രീസ വി ജെ | 9496167613 |
| 4 | Junior Superintendent | RAMESH KUMAR K K | രമേഷ് കുമാർ കെ കെ | 7012515393 |
| 5 | Accountant | UNNIKRISHNAN R A | ഉണ്ണിക്കൃഷ്ണൻ ആർ എ | 9037720867 |
| 6 | Senior Clerk | SINI T S | സിനി ടി എസ് | 9809159084 |
| 7 | Senior Clerk | REENA M L | റീന എം എൽ | 9539671212 |
| 8 | Senior Clerk | SULAIKHA P K | സുലൈഖ പി കെ | 9497323265 |
| 9 | Clerk | ANISH C K | അനീഷ് സി കെ | 9605400678 |
| 10 | Clerk | SHILNA P NORONHA | ഷിൽന പി നൊറോണ | 9746704464 |
| 11 | Clerk | BIJU P P | ബിജു പി പി | 7510278589 |

| | | | | |
|---|---|---|---|---|
| 12 | Clerk | SHEEBA A R | ഷീബ എ ആർ | 9895537756 |
| 13 | O.A | JINSHA T P | ജിൻഷ ടി പി | 6235033111 |
| 14 | Librarian | SABU JOHN | സാബു ജോൺ | 9497801151 |
| 15 | Technical Assistant | ASHALATHA A A | ആശലത എ എ | 7025455409 |
| 16 | Project Assistant | ANUSREE C A | അനുശ്രീ സി എ | 9744681672 |
| 17 | Health Inspector Grade II | RICHU JOHNSON | റിച്ചു ജോൺസൺ | 7594831146 |
| 18 | Driver | BAIJU P C | ബൈജു പി സി | 9495529023 |


കോടശ്ശേരി ഗ്രാമപഞ്ചായത്ത് - നിർദ്ദിഷ്ട നിയോജകമണ്ഡലങ്ങൾ കാണിക്കുന്ന ഭൂപടം
മറ്റത്തൂർ ഗ്രാമപഞ്ചായത്ത്
റിസർവ്വ് ഫോറസ്റ്റ്
കോർമല
റണ്ടുമ്മക
കലിക്കൽ
കമ്മളം
കൂർക്കമറ്റം
കുറ്റിച്ചിറ
പുളിങ്കര
പീലാർമുഴി
കലത്തോട്
കുറ്റിക്കാട്
വെട്ടിക്കുഴി
1 കോടശ്ശേരി
2 നായരങ്ങാടി
3 മേട്ടിപ്പാടം
4 ചെട്ടിക്കുളം
5 മാരാംകോട്
6 കോർമല
7 രണ്ടുമ്മക
8 ചായ്പ്പൻകുഴി
9 പീലാർമുഴി
10 ചെമ്പൻകുന്ന്
11 പുളിങ്കര
12 കുറ്റിച്ചിറ
13 കുണ്ടുകുഴിപ്പാടം
14 കൂർക്കമറ്റം
15 കമ്മളം
16 കോതേരവാം
17 എലിഞ്ഞിപ്ര ഈസ്റ്റ്
18 എലിഞ്ഞിപ്ര വെസ്റ്റ്
19 ചൗക്ക
20 കലിക്കൽ

# കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ

**സേവനാവകാശ നിയമപ്രകാരം പ്രസിദ്ധപ്പെടുത്തിയ സേവനങ്ങൾക്ക് വിജ്ഞാന പ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്**

| *ക്രമ നമ്പർ* | *ലഭ്യമാക്കുന്ന സേവനംസംബന്ധിച്ച വിവരങ്ങൾ* | **സേവനംലഭ്യമാക്കുന്ന ഉദ്യോഗസ്ഥൻ** | **അപേക്ഷ സമർപ്പിക്കേണ്ട വിധം** | **നിബന്ധനകൾ** | **അടയ്ക്കേണ്ട ഫീസ്** | **സേവനം ലഭ്യമാക്കുന്ന സമയ പരിധി** |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | ജനന രജിസ്ട്രേഷൻ | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത് | **പഞ്ചായത്തിൽ നിന്നുംസൗജന്യമായി ലഭിക്കുന്നനിർദ്ദിഷ്ട ഫാറത്തിൽ റിപ്പോർട്ട് നൽകണം** | ജനനം ഈ പഞ്ചായത്ത് അതിർത്തിയിൽ വച്ച് നടന്നതായിരിക്കണം.<br>വീട്ടിൽ വച്ചുള്ള ജനനം കുടുംബത്തിലെ 18 വയസ്സ് പൂർത്തിയായ അംഗവും ആശുപത്രിയിൽ വെച്ച് നടക്കുന്ന ജനനം ബന്ധപ്പെട്ട ഡോക്ടറും റിപ്പോർട്ട് ചെയ്യേണ്ടതാണ്. | 21 ദിവസം വരെ സൗജന്യവും 21 ദിവസം കഴിഞ്ഞ് 30ദിവസം വരെ ലേറ്റ് ഫീസ് 2 രൂപ | 3 പ്രവൃത്തി ദിവസം |

| | | | | | | |
|---|---|---|---|---|---|---|
| 2 | മരണ രജിസ്ട്രേഷൻ | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത് | പഞ്ചായത്തിൽ നിന്നുംസൗജന്യമായി ലഭിക്കുന്ന നിർദ്ദിഷ്ട ഫാറത്തിൽ റിപ്പോർട്ട് **നൽകണം.** റിപ്പോർട്ടിന് ഒപ്പം ആധാർ സംബന്ധിച്ച അനുബന്ധം, ആധാറിന്റെ പകർപ്പ് എന്നിവ നൽകണം | 1.മരണം ഈ പഞ്ചായത്ത് അതിർത്തിയിൽ വച്ച് നടന്നതായിരിക്കണം.<br>2 .വീട്ടിൽ വച്ചുള്ള മരണമാണങ്കിൽ ഗൃഹനാഥനും .സ്ഥാപനങ്ങളിൽ വെച്ച് നടക്കുന്ന മരണമാണെങ്കിൽ സ്ഥാപമേധാവിയും റിപ്പോർട്ട് ചെയ്യേണ്ടതാണ്.<br>3. മറ്റ് സ്ഥലങ്ങളിലാണെങ്കിൽ, സ്ഥലം ഉടമസ്ഥരും ഇപ്രകാരം ചെയ്യേണ്ടതാണ്. അസ്വഭാവിക മരണമാണെങ്കിൽ മരണം നടന്ന സ്ഥലത്തിന്റെ ചുമതലയുള്ള പോലീസ് ആഫീസറും റിപ്പോർട്ട് ചെയ്യേണ്ടതാണ്. | 21 ദിവസം വരെ സൗജന്യവും 21 ദിവസം കഴിഞ്ഞ് 30ദിവസം വരെ ലേറ്റ് ഫീസ് 2 രൂപ | 3 പ്രവൃത്തി ദിവസം |
| 3 | ജനനം/മരണം വൈകി രജിസ്റ്റർ ചെയ്യൽ (30ദിവസത്തിന ു ശേഷം 1 വർഷം വരെ) | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത് മുഖാന്തിരംപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കണം | 1. രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിക്കുന്ന മാപ്പപേക്ഷ(5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ചത്) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും സെക്രട്ടറിക്കും നൽകണം<br>2. ജനന/മരണ രജിസ്ട്രേഷൻ റിപ്പോർട്ട് ഫാറം 2 കോപ്പി. റിപ്പോർട്ടിന് ഒപ്പം ആധാർ സംബന്ധിച്ച അനുബന്ധം, ആധാറിന്റെ പകർപ്പ് എന്നിവ നൽകണം<br>3. നോട്ടറി പബ്ലിക്/സംസ്ഥാന സർക്കാർ സർവ്വീസിലെ രണ്ട് വ്യത്യസ്ത ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം. | 1. ഈ പഞ്ചായത്ത് അതിർത്തിയിൽ വച്ച് നടന്നതായിരിക്കണം.<br>2. ജനന–മരണസ്ഥലം/താമസസ്ഥലം സംബന്ധിച്ച തെളിവുകൾ | 5 രൂപ | അനുമതി ലഭിച്ച് 3പ്രവർത്തി ദിവസത്തിനകം |

| | | | | | | |
|---|---|---|---|---|---|---|
| 4 | ജനനം/മരണം വൈകി രജിസ്റ്റർ ചെയ്യൽ (1വർഷത്തിനു ശേഷം NAC) | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത്. അനുമതി നല്കേണ്ടത് സബ്ഡിവിഷണൽ മജിസ്ട്രേറ്റ്. | 1 രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിക്കുന്ന മാപ്പപേക്ഷ(5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ചത്) സെക്രട്ടറിക്ക് നൽകണം<br>2. ജനന/മരണ രജിസ്ട്രേഷൻ റിപ്പോർട്ട് ഫാറം 2 കോപ്പി<br>2. നോട്ടറി പബ്ലിക്/സംസ്ഥാന സർക്കാർ സർവ്വീസിലെ 2 ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം 2 കോപ്പി.<br>3 ജനന-മരണസ്ഥലം/ താമസസ്ഥലം സംബന്ധിച്ച തെളിവുകൾ ജനനക്രമ സത്യവാങ്മൂലം (മാതാപിതാക്കൾക്ക് ജനിച്ചതും ജീവിച്ചിരിക്കുന്നതുംമരിച്ച തുമായ എല്ലാ കുട്ടികളുടെയും വിവരങ്ങൾ ഉൾപ്പെട്ടത്)<br>5. തദ്ദേശ രജിസ്ട്രാറുടെ NAC സഹിതം അപേക്ഷകൻ ആർ.ഡി.ഒയ്ക്ക് ് അപേക്ഷ സമർപ്പിക്കാവുന്നതാണ്. | ഈ പഞ്ചായത്ത് അതിർത്തിയിൽ വച്ച് നടന്നതായിരിക്കണം. | സർട്ടിഫിക്കറ്റ് ഫീ- 2 രൂപ തിരച്ചിൽ ഫീ- ഒരു വർഷത്തിന് 2 രൂപ അനുവാദം ലഭിച്ചതിനു ശേഷം - 10രൂപ | സബ്ഡിവിഷണൽ മജിസ്ട്രേറ്റിൽ നിന്നും അനുമതി ലഭിച്ച് 3 പ്രവർത്തി ദിവസത്തിനകം |

| | | | | | | |
|---|---|---|---|---|---|---|
| 5 | ജനന/മരണ സർട്ടിഫിക്കറ്റ് (1970 മുതലുള്ള സർട്ടിഫിക്കറ്റുകൾ ഓൺലൈനായി വെബ്സൈറ്റിൽ ലഭ്യമാണ്.പൊതുജനങ്ങൾക്ക് ആയത് പ്രിന്റൗട്ട് എടുത്ത് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്) | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത്. | 1. നിശ്ചിത ഫാറത്തിലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പൊട്ടിച്ചത്<br>2. അപേക്ഷകന്റെ പേരിലുള്ള 50 രൂപയിൽ കുറയാത്ത മുദ്ര പത്രം | ഈ ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത ജനന/മരണങ്ങളുടെ സർട്ടിഫിക്കറ്റുകൾ മാത്രമേ ലഭിക്കുകയുള്ളൂ. | പകർപ്പ് ഫീസ് 5 രൂപ<br>തിരച്ചിൽ ഫീസ് 2 രൂപ | 3 പ്രവൃത്തി ദിവസം (സെക്ഷൻ 12പ്രകാരമുള്ള സാക്ഷ്യപത്രംരജിസ്റ്റർ ചെയ്ത അതേ ദിവസം) |
| 6 | ജനന രജിസ്റ്ററിൽ കുട്ടിയുടെ പേര് ചേർക്കൽ | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത്. | 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച അപേക്ഷ | അപേക്ഷാ തീയതിയിൽ 6 വയസ്സിൽ_താഴെയുള്ള കുട്ടികൾക്ക്<br>1.നിശ്ചിത ഫാറത്തിൽ 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച മാതാപിതാക്കളുടെ സംയുക്ത അപേക്ഷ(ചേർക്കേണ്ട പേര് ഇംഗ്ലീഷിലും മലയാളത്തിലും വ്യക്തമായി എഴുതുക)<br>2. മാതാപിതാക്കൾ ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ച തിരിച്ചറിയൽ രേഖയുടെ പകർപ്പ് സഹിതം നേരിട്ട് ഹാജരാകണം<br><u>അപേക്ഷാ തീയതിയിൽ കുട്ടിയുടെ പ്രായം 6</u> | 1 വയസ് വരെ ഫീസ് ഇല്ല.<br>1 വയസിനു മുകളിൽ 5/-രൂപ | 3 പ്രവൃത്തി ദിവസം |

| | | | | | | |
|---|---|---|---|---|---|---|
| | | | | വയസ്സ് പൂർത്തിയാ യിട്ടുണ്ടെങ്കിൽ<br>1. നിശ്ചിത ഫാറത്തിലുള്ള മാതാപിതാക്കളുടെ സംയുക്ത അപേക്ഷ 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പൊട്ടിച്ചത്<br>2 ജനന ക്രമ സത്യവാങ്മൂലം<br>3 സ്കൂൾ രേഖയിലെ പേര്, ജനനതീയതി, അഡ്മിഷൻ നമ്പർ , മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന സാക്ഷ്യപത്രം | | |
| 7. | കുട്ടിയുടെ ജനനതീയതിയും സ്കൂൾ രേഖയും തമ്മിൽ പത്തുമാസത്തിലേറെ വ്യത്യാസമുള്ള കേസിൽ ജനനരജിസ്റ്ററിൽ പേര് ചേർക്കൽ | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത് മുഖാന്തിരംപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കണം | 1. ജില്ലാ രജിസ്ട്രാർക്കുള്ള 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പൊട്ടിച്ച അപേക്ഷ(മാതാ–പിതാക്കളുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് സഹിതം<br>2. ജനനക്രമ സത്യവാങ്മൂലം 2 എണ്ണം<br>3. കുട്ടിയുടെ സ്കൂൾ രേഖയുടെ പകർപ്പ് 2 എണ്ണം | മാതാ–പിതാക്കളുടെ ജീവിച്ചിരിക്കുന്നതുംമരിച്ചതുമായ എല്ലാകുട്ടികളുടേയും ജനന തീയതി തെളിയിക്കുന്ന രേഖകളുടെ പകർപ്പ്. | 5 രൂപ | ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് |

| | | | | | | |
|---|---|---|---|---|---|---|
| 8 | ം/ മരണം ർ ചെയ്തിട്ടില്ല സാക്ഷ്യ | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത്. | 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച അപേക്ഷ | 1 ജനനം/മരണംനടന്ന സമയത്തെ താമസസ്ഥലംതെളിയിക്കുന്ന രേഖകൾ<br>2 ആവശ്യമായ അന്വേഷണങ്ങൾക്ക് ശേഷം ജനനം/മരണംരജിസ്റ്റർ ചെയ്തിട്ടില്ല എന്ന് രജിസ്ട്രാർക്ക് ബോധ്യപ്പെട്ട ശേഷം മാത്രമേ നല്കൂ. | | 3 പ്രവൃത്തി ദിവസം (മറ്റ് യൂണിറ്റുകളിൽ നിന്നുള്ള റിപ്പോർട്ടോ, പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ടോ ആവശ്യമുള്ളസംഗതികളിൽ അവ ലഭിച്ച് 7 പ്രവർത്തി ദിവസം) |
| 9 | ജനന മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിൽ തിരുത്തൽ വരുത്തുന്നതിനുള്ള അപേക്ഷ | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത്. | 1. 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പൊട്ടിച്ച വ്യക്തമായ അപേക്ഷ | 1. ജനനം/മരണം റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ അധികാരിയുടെ തിരുത്തൽ കത്ത് (സ്ഥാപനം നിലവില്ലാതായിട്ടുണ്ടെങ്കിലോ വീട്ടിൽ വെച്ച് നടന്ന ജനനമരണങ്ങളുടെ കാര്യത്തിൽ റിപ്പോർട്ട് ചെയ്ത ആൾ ജീവിച്ചിരിപ്പില്ലെങ്കിലോ പ്രസ്തുത വിവരത്തിന് സത്യ വാങ്മൂലം മതിയാകുന്നതാണ്)<br>2. വില്ലേജാഫീസറുടെ സാക്ഷ്യപത്രം (പേര്, വിലാസം എന്നിവയിൽ തിരുത്തൽ വരുത്തേണ്ടപ്പോൾ)<br>3. സ്കൂൾ രേഖയുടെ പകർപ്പ് (മാതാവ്/പിതാവ്/കുട്ടിഎന്നിവരിൽ ആരുടെ വിവരങ്ങളാണ് തിരുത്തേണ്ടത് അവരുടേത്) | 5 രൂപ | 7 പ്രവൃത്തി ദിവസം (അനുമതി ആശ്യമെങ്കിൽ ആയത് ലഭ്യമായ ശേഷം) |

| | | | | | | |
|---|---|---|---|---|---|---|
| | | | | 4. 2 വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷൻ ( വസ്തുതാപരമായ തിരുത്തലുകൾ)<br>5. അപേക്ഷകൻ താമസിക്കുന്നത് രജിസ്ട്രേഷൻ യൂണിറ്റിന് പുറത്താണങ്കിൽ ബന്ധപ്പെട്ട ലോക്കൽ രജിസ്ട്രാറിൽ നിന്നുള്ള സാക്ഷ്യപത്രം.<br>**നോട്ട്:–** മാതാവിന്റെ പേരിനോടൊപ്പം പിതാവിന്റെ പേര് ചേർത്തുള്ള തിരുത്തലുകൾ അനുവദനീയമല്ല. | | |
| 10 | ദത്തെടുക്കുന്ന കുട്ടികളുടെ രജിസ്ട്രേഷൻ | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത്. | 1.ജനന റിപ്പോർട്ട്<br>2.ദത്തെടുക്കൽ സംബന്ധിച്ച കോടതി ഉത്തരവ്. | 1. നിയമപരമായി ദത്തെടുത്തകുട്ടിയുടെ ജനനം ഏജൻസി സ്ഥിതിചെയ്യുന്ന രജിസ്ട്രേഷൻയുണിറ്റിലോ,ദത്തെടുത്ത മാതാപിതാക്കളുടെതാമസസ്ഥലം ഉൾപ്പെടുന്ന രജിസ്ട്രേഷൻയുണിറ്റിലോ രജിസ്റ്റർ ചെയ്യാവുന്നതാണ്.<br>2.മാതാപിതാക്കളുടെ താമസസ്ഥലംതെളിയിക്കുന്ന രേഖകൾ. | 21 ദിവസത്തിനകം ഫീസില്ല.<br>1 വർഷം വരെ 5/രൂപ<br>1 വർഷത്തിനു ശേഷം 10/– രൂപ | 15 പ്രവൃത്തിദിവസം |

| | | | | | | |
|---|---|---|---|---|---|---|
| 11 | വിദേശത്ത് നടന്ന ജനനങ്ങളുടെ രജിസ്ട്രേഷൻ | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത്. | **നിർദ്ദിഷ്ട ഫാറത്തിൽ ജനന റിപ്പോർട്ട് -2 കോപ്പി** | 1.മാതാ പിതാക്കൾ ഇൻഡ്യയിൽ സ്ഥിരതാമസം ആക്കിയിരിക്കണം.<br>2.താമസസ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽരജിസ്റ്റർ ചെയ്യാവുന്നതാണ്.<br>3.കുട്ടി ഇൻഡ്യയിൽ എത്തിയ തീയതി മുതൽ 60 ദിവസത്തിനകം രജിസ്റ്റർ ചെയ്യാവുന്നതാണ്.<br>4.മാതാപിതാക്കളുടെ പാസ്പോർട്ടിന്റെ പകർപ്പ്.<br>5.കുട്ടിയുടെ ജനനതീയതി കാണിക്കുന്ന രേഖ.<br>6.ഇൻഡ്യയിൽ സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നു എന്ന സത്യവാങ്മൂലം 100/- രൂപയിൽ കുറയാത്ത മുദ്രപ്പത്രത്തിൽ മാതാപിതാക്കൾ ഒപ്പിട്ട് ഹാജരാക്കണം.<br>60 ദിവസം കഴിഞ്ഞുള്ള സംഗതിയിൽ ആക്ടിലെ 13-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി രജിസ്ട്രേഷൻ നടത്താവുന്നതാണ്. | 60 ദിവസത്തിനകം ഫീസില്ല.<br>60 ദിവസം കഴിഞ്ഞ് 1 വർഷം വരെ 5/രൂപ<br>1 വർഷത്തിനു ശേഷം 10/- രൂപ | 30 പ്രവൃത്തി ദിവസം അനുമതി ആശ്യമെങ്കിൽ ആയത് ലഭ്യമായി 7 പ്രവൃത്തി ദിവസത്തിനകം ശേഷം |

| | | | | | | |
|---|---|---|---|---|---|---|
| 12 | പൊതു വിവാഹ രജിസ്ട്രേഷൻ (45 ദിവസത്തിനുള്ളിൽ) | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത്. | മെമ്മോറാണ്ടം ഓൺലൈനായി മാത്രം സമർപ്പിക്കുക | 1. മെമ്മോറാണ്ടത്തിന്റെ പ്രിന്റ് ഔട്ട് –2 എണ്ണം<br>2. ജനനതീയതി തെളിയിക്കുന്ന രേഖകൾ<br>3. വിവാഹ സാക്ഷ്യപത്രം (ബന്ധപ്പെട്ട മതാധികാര സ്ഥാപനം നൽകുന്നത്)<br>4. ബന്ധുക്കൾ അല്ലാത്ത രണ്ട് സാക്ഷികൾ<br>5.വരന്റെ/വധുവിന്റെ ആദ്യവിവാഹം അല്ലെങ്കിൽ ബന്ധംവേർപെടുത്തിയതിന്റെ/വേർപിരിഞ്ഞതിന്റെ /മരണപ്പെട്ടതിന്റെ നിയമാനുസൃത രേഖകൾ.<br>6. ഈ പഞ്ചായത്ത് അതിർത്തിയിൽ വച്ച് നടന്നതായിരിക്കണം.<br>7.വരനും വധുവും നേരിട്ട് ഹാജരായിരിക്കണം | രജിസ്ട്രേഷൻ ഫീസ് BPL/SC/ST 10/- പൊതുവിഭാഗം 100/– രൂപ സർട്ടിഫിക്കറ്റ് ഫീസ് 20/–രൂപ | രജിസ്ട്രേഷനു ശേഷം സർട്ടഫിക്കറ്റ് 2 പ്രവൃത്തി ദിവസത്തിനുള്ളിൽ |
| 13 | പൊതു വിവാഹ രജിസ്ട്രേഷൻ(45 ദിവസം കഴിഞ്ഞതും 5 വർഷത്തിനകത്തുള്ളതും) | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത്. | 1. 5 രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച വെള്ള പേപ്പറിലുള്ള സംയുക്ത മാപ്പപേക്ഷ മെമ്മോറാണ്ടം പ്രിന്റ് ഔട്ട് 2 പകർപ്പ്<br>1. ഫോറം–2 രണ്ട് പ്രിന്റ് ഔട്ട് പകർപ്പ് | 1. ജനനതീയതി തെളിയിക്കുന്ന രേഖകൾ<br>2. ബന്ധുക്കൾ അല്ലാത്ത രണ്ട് സാക്ഷികൾ<br>3 വിവാഹ സാക്ഷ്യപത്രം (ബന്ധപ്പെട്ട മതാധികാര സ്ഥാപനം നൽകുന്നത്) | ലേറ്റ് ഫീസ് 100 രൂപ രജിസ്ട്രേഷൻ ഫീസ് 100 രൂപ സർട്ടിഫിക്കറ്റ് ഫീസ് 20രൂപ | രജിസ്റ്റർ ചെയ്ത് 2 പ്രവൃത്തി ദിവസത്തിനകം |

| | | | | | | |
|---|---|---|---|---|---|---|
| 14 | പൊതു വിവാഹ രജിസ്ട്രേഷൻ ( 5 വർഷത്തിനു ശേഷമുള്ളത്) | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത് മുഖാന്തിരംപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കണം | 1. 5 രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച വെള്ള പേപ്പറിലുള്ള സംയുക്ത മാപ്പപേക്ഷ സെക്രട്ടറിയ്ക്കും ജില്ലാ രജിസ്ട്രാർക്കും<br>2. മെമ്മോറാണ്ടം 3 പകർപ്പ്.<br>3. ഫോറം-2 മൂന്ന് പകർപ്പ് | 4. ജനനതീയതി തെളിയിക്കുന്ന രേഖകൾ<br>5. വിവാഹ സാക്ഷ്യപത്രം (ബന്ധപ്പെട്ട മതാധികാര സ്ഥാപനം നൽകുന്നത്)<br>നോട്ട്:- പകർപ്പുകൾ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം.വിവാഹ രജിസ്ട്രേഷന് ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ച ശേഷം വരനും വധുവും പഞ്ചായത്താഫീസിൽ നേരിട്ട് ഹാജരായി വിവാഹം രജിസ്റ്റർ ചെയ്യണം. | ലേറ്റ് ഫീസ് 250 രൂപ രജിസ്ട്രേഷൻ ഫീസ് 100/- രൂപ സർട്ടിഫിക്കറ്റ് ഫീസ് 20രൂപ | അനുമതി ലഭിച്ച് 2 പ്രവൃത്തി ദിവസത്തിനകം |
| 15 | വിവാഹസർട്ടിഫിക്കറ്റ് | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത്. | 5 രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച വെള്ള പേപ്പറിലുള്ള അപേക്ഷ. | 1.മുദ്രപത്രത്തിൽ സർട്ടിഫിക്കറ്റ് വേണ്ടവർ അപേക്ഷകന്റെ പേരിലുള്ള 50 രൂപയിൽ കുറയാത്ത മുദ്ര പത്രം | ഹിന്ദു വിവാഹ സർട്ടിഫിക്കറ്റ്-10 /- പൊതുവിവാഹ സർട്ടിഫിക്കറ്റ്- 20/- രൂപ | 5 പ്രവൃത്തി ദിവസത്തിനകം |

| | | | | | | |
|---|---|---|---|---|---|---|
| 16 | ഹിന്ദു വിവാഹരജിസ്ട്രേഷൻ | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത്. | 1 നിർദ്ദിഷ്ട ഫാറത്തിലുള്ള റിപ്പോർട്ട്. | 1. 15 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം.15 ദ ിവസത്തിനു ശേഷം 30 ദിവസം വരെ മാപ്പപേക്ഷ കൂടി ഹാജരാക്കണം.<br>2. പഞ്ചായത്ത് അതിർത്തിയിൽ വച്ച് നടന്നതായിരിക്കണം.<br>3. ഹിന്ദു മതാചാര പ്രകാരം വിവാഹിതരായി എന്നതിനുള്ള തെളിവുകൾ.<br>4 .പ്രായം തെളിയിക്കുന്നതിനുള്ള രേഖകൾ.<br>5 .വരന്റെ/വധുവിന്റെ ആദ്യവിവാഹം അല്ലെങ്കിൽ ബന്ധംവേർപെടുത്തിയതിന്റെ/വേർപിരിഞ്ഞതിന്റെ/ മരണപ്പെട്ടതിന്റെ നിയമാനുസൃത രേഖകൾ. | ഫീസില്ല | 15 പ്രവൃത്തി ദിവസത്തിനകം റിപ്പോർട്ട് ചെയ്ത് 2 പ്രവൃത്തി ദിവസം 15 ദിവസം മുതൽ 1 മാസം വരെ 2 പ്രവൃത്തി ദിവസം. |
| 17 | ഹിന്ദു വിവാഹരജിസ്ട്രേഷൻ(വിവാഹം നടന്ന് 30 ദിവസത്തിനു ശേഷം) | രജിസ്ട്രാർ & സെക്രട്ടറി ഗ്രാമപഞ്ചായത്ത് മുഖാന്തിരംപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കണം | 1. 5 രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച വെള്ള പേപ്പറിലുള്ള സംയുക്ത മാപ്പപേക്ഷ സെക്രട്ടറിയ്ക്കും ജില്ലാ രജിസ്ട്രാർക്കം<br>2 നിർദ്ദിഷ്ട ഫാറത്തിലുള്ള റിപ്പോർട്ട്. | 1. പഞ്ചായത്ത് അതിർത്തിയിൽ വച്ച് നടന്നതായിരിക്കണം.<br>2. ഹിന്ദു മതാചാര പ്രകാരം വിവാഹിതരായി എന്നതിനുള്ള തെളിവുകൾ.<br>3 .പ്രായം തെളിയിക്കുന്നതിനുള്ള രേഖകൾ.<br>4 .വരന്റെ/വധുവിന്റെ ആദ്യവിവാഹം അല്ലെങ്കിൽ ബന്ധംവേർപെടുത്തിയതിന്റെ/വേർപിരിഞ്ഞതിന്റെ/ മരണപ്പെട്ടതിന്റെ നിയമാനുസൃത രേഖകൾ. | ഫീസില്ല | അനുമതി ലഭിച്ച് 2 പ്രവൃത്തി ദിവസത്തിനകം |

| | | | | | | |
|---|---|---|---|---|---|---|
| 18 | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം 1600/– രൂപ) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. നിശ്ചിത ഫാറത്തിലുള്ള 2 അപേക്ഷ<br>2. 60 വയസ്സിനു മുകളിൽ പ്രായമുള്ളതാണെന്നു തെളിയിക്കുന്ന സ്കൂൾരേഖ,പാസ്പോർട്ട്/ഡ്രൈവിംഗ് ലൈസൻസ് (സ്കൂൾ രേഖ ലഭ്യമല്ലെങ്കിൽ വയസ് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്)<br>3. റേഷൻകാർഡിന്റെയും തിരിച്ചറിയൽ കാർഡിന്റെയുംആധാർ കാർഡിന്റേയും സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>4. വരുമാന സർട്ടിഫിക്കറ്റ്<br>5. സത്യപ്രസ്താവന | അപേക്ഷകൻ മറ്റ് പെൻഷനുകൾ (EPF ഒഴികെ) വാങ്ങാത്തവരായിരിക്കണം.<br>3വർഷക്കാലമായി കേരളത്തിൽ സ്ഥിരതാമസമുള്ളവരായിരിക്കണം.<br>60 വയസ്സ് പൂർത്തീയായിരിക്കണം.<br>വരുമാന പരിധി 1,00,000/– ൽ താഴെ.<br>കുടുംബത്തിൽ 1000 CC യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനം സ്വന്തമായി ഉള്ളവരാകരുത്.<br>സ്വന്തം/കുടുംബം ഉടമസ്ഥതയിൽ രണ്ട് ഏക്കറിൽ കൂടുതൽ ഭൂമി ഉണ്ടാകാൻ പാടില്ല.<br>ആദായ നികുതി ഒടുക്കുന്ന വ്യക്തികൾ പെൻഷൻ ലഭിക്കുന്നതിന് അർഹരല്ല.<br>താമസിക്കുന്ന വീട്ടിൽ എയർ കണ്ടീഷൻ ഉണ്ടാകാൻ പാടില്ല | ഇല്ല | അപേക്ഷ ലഭിച്ച് 45 പ്രവൃത്തി ദിവസത്തിനുള്ളിൽ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കണം |

| | | | | | | |
|---|---|---|---|---|---|---|
| 20 | അഗതി പെൻഷൻ(വിധവ/ വിവാഹമോചിതർ ) പ്രതിമാസം 1600/- രൂപ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. നിശ്ചിത ഫാറത്തിലുള്ള 2 അപേക്ഷ<br>2. റേഷൻ കാർഡിന്റെയും തിരിച്ചറിയൽ കാർഡിന്റെയും ആധാർ കാർഡിന്റേയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.<br>3.വരുമാന സർട്ടിഫിക്കറ്റ്<br>4.സത്യപ്രസ്താവന<br>5. ഭർത്താവ് മരിച്ചതാണെങ്കിൽ മരണസർട്ടിഫിക്കറ്റ്/ 7 വർഷം ആയി ഭർത്താവിനെ കാണാനില്ലെന്നുള്ള റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ്<br>6. പുനർവിവാഹിത അല്ലെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം | വരുമാന പരിധി 100000/- ൽ താഴെ<br>ഭർത്താവ് മരിച്ചതാണങ്കിൽ മരണസർട്ടിഫിക്കറ്റ്.<br>കുടുംബത്തിൽ 1000 CC യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനം സ്വന്തമായി ഉള്ളവരാകരുത്.<br>സ്വന്തം/കുടുംബം ഉടമസ്ഥതയിൽ രണ്ട് ഏക്കറിൽ കൂടുതൽ ഭൂമി ഉണ്ടാകാൻ പാടില്ല. താമസിക്കുന്ന വീട്ടിൽ എയർ കണ്ടീഷൻ ഉണ്ടാകാൻ പാടില്ല ആദായ നികുതി ഒടുക്കുന്ന വ്യക്തികൾ പെൻഷൻ ലഭിക്കുന്നതിന് അർഹരല്ല. | ഫീസ് ഇല്ല | അപേക്ഷ ലഭിച്ച് 45 പ്രവൃത്തി ദിവസത്തിനുള്ളിൽ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കണം |
| 21 | കർഷകതൊഴിലാളി പെൻഷൻ (പ്രതിമാസം 1600/-രൂപ) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 2. നിശ്ചിത ഫാറത്തിലുള്ള 2 അപേക്ഷ<br>3. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽ | അപേക്ഷകന് 60 വയസ്സ് പൂർത്തിയായിരിക്കണം. അപേക്ഷിക്കുന്നതിന് മുമ്പ് 10 വർഷക്കാലമായി കേരളത്തിൽ സ്ഥിരതാമസമാണന്ന് തെളിയിക്കുന്ന രേഖ. വരുമാന പരിധി 100000/- ൽ താഴെ<br>കുടുംബത്തിൽ 1000 CC യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനം സ്വന്തമായി | ഫീസ് ഇല്ല | അപേക്ഷ ലഭിച്ച് 45പ്രവൃത്തി ദിവസത്തിനുള്ളിൽ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കണം |

| | | | | | | |
|---|---|---|---|---|---|---|
| | | | സർട്ടിഫിക്കറ്റ്<br>4. റേഷൻ കാർഡിന്റെയും തിരിച്ചറിയൽ കാർഡിന്റെയും ആധാർ കാർഡിന്റേയും സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>5. സത്യപ്രസ്താവന<br>6. വരുമാന സർട്ടിഫിക്കറ്റ് | ഉള്ളവരാകരുത്.<br>സ്വന്തം/കുടുംബം ഉടമസ്ഥതയിൽ രണ്ട് ഏക്കറിൽ കൂടുതൽ ഭൂമി ഉണ്ടാകാൻ പാടില്ല.<br>ആദായ നികുതി ഒടുക്കുന്ന വ്യക്തികൾ പെൻഷൻ ലഭിക്കുന്നതിന് അർഹരല്ല.<br>താമസിക്കുന്ന വീട്ടിൽ എയർ കണ്ടീഷൻ ഉണ്ടാകാൻ പാടില്ല | | |
| 22 | 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾ ക്കുള്ള പെൻഷൻ (പ്രതിമാസം 1500/-രൂപ) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. നിശ്ചിത ഫാറത്തിലുള്ള 2 അപേക്ഷ .<br>2.,അവിവാഹിതയാണെന്നുള്ള അസ്സൽ സർട്ടിഫിക്കറ്റ്,വരുമാന സർട്ടിഫിക്കറ്റ് വില്ലേജ് ആഫീസറിൽ നിന്നുംലഭിക്കുന്നത്.<br>3.റേഷൻ കാർഡിന്റെയും തിരിച്ചറിയൽ കാർഡിന്റെയും ആധാർ കാർഡിന്റേയും പകർപ്പ്<br>4.വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്(സ്കൂൾ രേഖ) | 3.വർഷക്കാലമായി കേരളത്തിൽ സ്ഥിരതാമസമുള്ളവരായിരിക്കണം. വരുമാന പരിധി 100000/- ൽ താഴെ<br>കുടുംബത്തിൽ 1000 CC യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനം സ്വന്തമായി ഉള്ളവരാകരുത്.<br>സ്വന്തം/കുടുംബം ഉടമസ്ഥതയിൽ രണ്ട് ഏക്കറിൽ കൂടുതൽ ഭൂമി ഉണ്ടാകാൻ പാടില്ല.<br>ആദായ നികുതി ഒടുക്കുന്ന വ്യക്തികൾ പെൻഷൻ ലഭിക്കുന്നതിന് അർഹരല്ല.<br>താമസിക്കുന്ന വീട്ടിൽ എയർ കണ്ടീഷൻ ഉണ്ടാകാൻ പാടില്ല | ഇല്ല | അപേക്ഷ ലഭിച്ച് 45 പ്രവൃത്തി ദിവസത്തിനുള്ളിൽ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കണം |

| | | | | | | |
|---|---|---|---|---|---|---|
| 23 | തൊഴിൽ രഹിതവേതനം (പ്രതിമാസം 120/-രൂപ) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. നിശ്ചിത ഫാറത്തിലുള്ള 2 അപേക്ഷ<br>2. എസ്.എസ്.എൽ.സി ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3. എംപ്ലോയ്മെന്റ് കാർഡിന്റെ കോപ്പി<br>4. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്<br>5. റേഷൻ കാർഡിന്റെയും തിരിച്ചറിയൽ കാർഡിന്റെയും പകർപ്പ്<br>6. വരുമാന സർട്ടിഫിക്കറ്റ്<br>7. ആധാറിന്റെ കാർഡിന്റെ കോപ്പി | എസ്.എസ്.എൽ.സി പാസ്സായിരിക്കണം(പട്ടികജാതി/പട്ടിക വർഗ്ഗകാർക്ക് ഇത് ബാധകമല്ല), വിദ്യാർത്ഥിയായിരിക്കരുത്. 18 വയസ്സ് പൂർത്തിയായതിനു ശേഷം തുടർച്ചയായി 3 വർഷം തൊഴിലൊന്നും ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരായിരിക്കണം.. ഈ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്നവർക്ക് മാത്രം.എംപ്ലോയ്മെന്റിൽ പേര് രജിസ്റ്റർ ചെയ്തതിനുശേഷം യഥാസമയം രജിസ്ട്രേഷൻ പുതുക്കാത്തവർക്ക് വേതനത്തിന് അർഹതയില്ല. അപേക്ഷകർ 21 വയസ്സിനും 35 വയസ്സിനും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം.വ്യക്തി ഗത വരുമാനം പ്രതിമാസം 100/- രൂപ ആയിരിക്കണം. വരുമാന പരിധി 12000/- | ഫീസ് ഇല്ല | അപേക്ഷ ലഭിച്ച് 30 പ്രവൃത്തി ദിവസത്തിനുള്ളിൽ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കണം |
| 24 | സാധുക്കളായ വിധവകളുടെ പെൺകുട്ടികൾ ക്കുള്ള വിവാഹ ധനസഹായം (30000/- രൂപ) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | വിവാഹ തീയതിക്ക് 30 ദിവസം മുമ്പ് നിശ്ചിത ഫാറത്തിലുള്ള അപേക്ഷ 2 എണ്ണം സമർപ്പിക്കണം., വിവാഹത്തിന് 1 മാസം മുമ്പ് അപേക്ഷിക്കാത്ത പക്ഷം കാലതാമസം | 1. ഭർത്താവിന്റെ മരണസർട്ടിഫിക്കറ്റ്.<br>2. പെൺകുട്ടിയുടെ സ്കൂൾ രേഖ<br>3.അപേക്ഷകയും,പെൺകുട്ടിയും ഉൾപ്പെടുന്ന റേഷൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ<br>4. വ ിവാഹം നിശ്ചയിച്ചത് സംബന്ധിച്ച രേഖ.<br>5. വാർഷിക വരുമാന സർട്ടിഫിക്കറ്റ് | ഫീസ് ഇല്ല | 60 പ്രവൃത്തി ദിവസത്തിനുള്ളിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | പരിഗണിക്കാതെ തീരുമാനിക്കുന്നതിനുള്ള അപേക്ഷ (പരമാവധി 3 വർഷം വരെ) | 6. അപേക്ഷകയുടെ തിരിച്ചറിയൽ കാർഡിന്റ ശരിപകർപ്പ്.<br>7. കുടുംബ വാർഷിക വരുമാനം 200000/-<br>8. ഒരു കുടുംബത്തിലെ 2 പെൺകുട്ടികൾക്ക് മാത്രമേ ധനസഹായം ലഭിക്കുകയുള്ളൂ.<br>9.വിവാഹ സർട്ടിഫിക്കറ്റ്.<br>10.വിവാഹിതയാകുന്ന പെൺകുട്ടി കേരളത്തിൽ 3 വർഷംസ്ഥിര താമസമാണന്ന രേഖ.<br>11. വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച വെള്ളക്കടലാസിൽ എഴുതിയ പ്രതിശ്രുത വരന്റെ സത്യവാങ്മൂലം.. | | |
| 25 | കെട്ടിടനിർമ്മാണ /വികസന പെർമിറ്റിനുള്ള അപേക്ഷ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1.സങ്കേതം സോഫ്റ്റ്വെയർ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.പ്രിന്റ് ഔട്ട് 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പരിപ്പിച്ച് സമർപ്പിക്കണം<br>2. തൻവർഷ ഭൂനികുതി അടച്ച രസീത്<br>3.കൈവശവകാശ സർട്ടിഫിക്കറ്റ്<br>4.പട്ടയത്തിന്റ/ആധാരത്തിന്റെ പകർപ്പ് (അസൽ ഹാജരാക്കണം)<br>5.കെട്ടിടത്തിന്റെ പ്ലാൻ 3 | സങ്കേതം സോഫ്റ്റ്വെയർ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.പ്രിന്റ് ഔട്ട് 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പരിപ്പിച്ച് സമർപ്പിക്കണം. അന്വേക്ഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകുന്നു. അപേക്ഷയിലും,പ്ലാനിലും ലൈസൻസുള്ള സൂപ്പർവൈസറും ഉടമസ്ഥനും ഒപ്പ് രേഖപ്പെടുത്തിയിരിക്കണം. | അപേക്ഷ ഫീസ് ചട്ട പ്രകാരം.പെർമിറ്റ് ഫീസ് പട്ടിക പ്രകാരം. തപാലിൽ ലഭിക്കുന്നതിന് ആവശ്യമായ തപാൽ ഫീസ്. | 30 പ്രവൃത്തി ദിവസം. പെർമിറ്റ് തപാലിൽ ഉടമസ്ഥന്റ മേൽവിലാസത്തിൽ ലഭിക്കുന്നതാണ്. |

| | | | | | | |
|---|---|---|---|---|---|---|
| | | | പകർപ്പ്<br>6.സൈറ്റ് പ്ലാൻ<br>7. ബിൽഡിംഗ് ലൈസൻസിയുടെ ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. | | | |
| 26 | കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിന്. | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച നിശ്ചിതഫാറത്തിൽ പൂരിപ്പിച്ച അപേക്ഷ.<br>2.തൻവർഷ ഭൂനികുതി അടച്ച രസീത്<br>3. കൈവശവകാശ സർട്ടിഫിക്കറ്റ്<br>4. ആധാരത്തിന്റെ പകർപ്പ് (അസൽ കൂടി ഹാജരാക്കണം)<br>5. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ 2 പകർപ്പ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് (അപേക്ഷകനും ലൈസൻസിയുംഒപ്പിട്ടത്)<br>6. സൈറ്റ് പ്ലാൻ | 1. 100.ച.മീ മുതലുള്ള കെട്ടിടങ്ങൾക്ക്.<br>2. അന്വേക്ഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകുന്നു.<br>3.അപേക്ഷയിലും,പ്ലാനിലും ലൈസൻസുള്ള സൂപ്പർവൈസറും ഉടമസ്ഥനും ഒപ്പ് രേഖപ്പെടുത്തിയിരിക്കണം. | അപേക്ഷ ഫീസ് ചട്ട പ്രകാരം, റെഗുലറൈസേഷന് പെർമിറ്റ് ഫീസിന്റെ ഇരട്ടി. | 15 പ്രവൃത്തി ദിവസം. |

| | | | | | | |
|---|---|---|---|---|---|---|
| | | | 7. ബിൽഡിംഗ് ലൈസൻസിയുടെ ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>8. ഒറ്റത്തവണ നികുതി വില്ലേജിൽ ഒടുക്കിയ രസീത് | | | |
| 27 | പുതിയ കെട്ടിട നമ്പർ അനുവദിക്കൽ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച അപേക്ഷ. | പെർമിറ്റ് പ്രകാരം പണിത കെട്ടിടത്തെ സംബന്ധിച്ച്:<br>1.കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ 2 പകർപ്പ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ്(അപേക്ഷകനും ലൈസൻസിയുംഒപ്പിട്ടത്)<br>2. സൈറ്റ് പ്ലാൻ<br>3. പെർമിറ്റ് പകർപ്പ്<br>4. കൈവശവകാശ സർട്ടിഫിക്കറ്റ്<br>5. തൻവർഷ ഭൂനികുതി അടച്ച രസീത്, ഒറ്റത്തവണ നികുതി രസീത്<br>പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടത്തെ സംബന്ധിച്ച്:<br>1 .തൻവർഷ ഭൂനികുതി അടച്ച രസീത്<br>2. കൈവശവകാശ സർട്ടിഫിക്കറ്റ്<br>3. പട്ടയത്തിന്റ/ആധാരത്തിന്റെ പകർപ്പ് | ഫീസ് ഇല്ല | 15 പ്രവൃത്തി ദിവസം |

| | | | | | | |
|---|---|---|---|---|---|---|
| | | | | (അസൽ കൂടി ഹാജരാക്കണം)<br>4. കെട്ടിടത്തിന്റെ പ്ലാൻ –അതിരുകൾ വ്യക്തമാക്കുന്നത്. (അപേക്ഷകൻ ഒപ്പിട്ടത്) | | |
| 28 | കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റൽ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച വ്യക്തമായ അപേക്ഷ | 1. തൻവർഷ ഭൂനികുതി അടച്ച രസീത്<br>2. കൈവശവകാശ സർട്ടിഫിക്കറ്റ്<br>1. മുൻ ഉടമസ്ഥന്റെ സമ്മത പത്രം<br>4. ആധാരത്തിന്റെ പകർപ്പ് (അസൽ കൂടി ഹാജരാക്കണം)<br>5. ഉടമസ്ഥൻ മരണപ്പെട്ട സംഗതിയിൽ മരണസർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>6. ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് (ആവശ്യമായ സംഗതിയിൽ) | നിശ്ചിത സമയ പരിധി കഴിഞ്ഞാൽ പിഴ ഈടാക്കുന്നതാണ് | മുൻ ഉടമസ്ഥന് കത്തു നൽകേണ്ട സംഗതിയിൽ 45 ദിവസം / 30 പ്രവൃത്തി ദിവസം |
| 29 | ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | സെക്രട്ടറി ഗ്രാമപഞ്ചായത്ത | 1. 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച വ്യക്തമായ അപേക്ഷ | 1.കെട്ടിട നികുതി അടച്ചതിന്റെ തെളിവ്.<br>2.സർട്ടിഫിക്കറ്റിന്റെ ആവശ്യം അപേക്ഷയിൽ വ്യക്തമാക്കണം | ഫീസ് ഇല്ല | 1 പ്രവൃത്തി ദിവസം |
| 30 | താമസക്കാരനാണന്നുള്ള | സെക്രട്ടറി ഗ്രാമപഞ്ചായത്ത | 1. 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച | 1.അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അനുഭവക്കാരൻ ആയിരിക്കണം | ഫീസ് ഇല്ല | 1 പ്രവൃത്തി ദിവസം |

| | | | | | | |
|---|---|---|---|---|---|---|
| | സർട്ടിഫിക്കറ്റ് | | വ്യക്തമായ അപേക്ഷ | 2.അല്ലാത്തപക്ഷം കെട്ടിട ഉടമയുടെ സമ്മതപത്രം ഹാജരാക്കണം<br>3.അന്വേക്ഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്..<br>4.വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് 8-7-2011ലെ 1557/ഇ.എം1/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം. | | |
| 31 | കെട്ടിടത്തിന്റെ കാലപഴക്കംതെളിയി ക്കുന്ന സർട്ടിഫിക്കറ്റ് | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പൊട്ടിച്ച് അപേക്ഷ. | 2. കെട്ടിടത്തിന്റെ കരമടച്ച രസീത്<br>3. കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയ തീയതിയും വർഷവും കാണിച്ചിരിക്കണം. | ഫീസ് ഇല്ല | 1 പ്രവൃത്തി ദിവസം |
| 32 | വസ്തു നികുതി സംബന്ധിച്ച അപ്പീൽ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ചുള്ള വ്യക്തമായ അപേക്ഷ | 1. നികുതി അടച്ച രസീതിന്റെ പകർപ്പ്, അപേക്ഷ നികുതി ചുമത്തി 30 ദിവസത്തിനകം നൽകണം.<br>2. അപേക്ഷ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച ശേഷം തീരുമാനമെടുക്കണം. | ഇല്ല | 20 പ്രവൃത്തി ദിവസം |
| 33 | വസ്തു നികുതി ഒഴിവാക്കൽ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ചുള്ള വ്യക്തമായ അപേക്ഷ<br>2. | നാളിതുവരെയുള്ള കെട്ടിട നികുതി അടച്ച രസീതിന്റെ പകർപ്പ്.<br>കെട്ടിടം പൊളിഞ്ഞു പോയതും പൊളിച്ചു മാറ്റിയതുമായ സംഗതി അന്വേക്ഷണത്തിൽ ബോദ്ധ്യപ്പെടണം. | ഇല്ല | 30 പ്രവൃത്തി ദിവസം |

| | | | | | | |
|---|---|---|---|---|---|---|
| 34 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടത്തിന്റെ നികുതി ഇളവ് ചെയ്യൽ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ചുള്ള വ്യക്തമായ അപേക്ഷ<br>2. കെട്ടിട നമ്പർ കാണിച്ചിരിക്കണം) | 1.അപേക്ഷിക്കുന്ന തീയതി വരെയുള്ള കെട്ടിട നികുതി ഒടുക്കിയതിന്റെ രസീത്.<br>2. ഓരോ അർദ്ധ വർഷവും ആരംഭിക്കുന്നതിന് മുമ്പ് അപേക്ഷിക്കണം.<br>3.അർദ്ധവർഷത്തിൽ 60 ദിവസത്തിൽ അധികം ഒഴിഞ്ഞു കിടക്കണം.<br>4.വാർഷിക നികുതിയുടെ 50% വരെ പരമാവധി ഇളവ്. | ഇല്ല | 30 പ്രവൃത്തി ദിവസം |
| 35 | സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. നിശ്ചിത ഫാറത്തിലുള്ള 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പൊട്ടിച്ച അപേക്ഷ | 2. കെട്ടിടത്തിന്റെ ഉടമസ്ഥത സംബന്ധിച്ചും സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള യോഗ്യത സംബന്ധിച്ചും ഉള്ള രേഖകൾ നൽകണം.<br>സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസം മുമ്പ് അപേക്ഷ സമർപ്പിക്കണം.<br>രജിസ്ട്രേഷനു പുറമെ ഡി&ഒ അനുസരിച്ച ലൈസൻസും കൂടെ എടുത്തിരിക്കണം<br>പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ്.<br>ബയോവേസ്റ്റ് നിർമ്മാർജ്ജനത്തിനുള്ള ഇമേജ് സർട്ടിഫിക്കറ്റ്. കെട്ടിട ഉടമയുടെ മ്മതപത്രം. | 200 രൂപ | 30 പ്രവൃത്തി ദിവസം |
| 36 | നിലവിലുള്ള രജിസ്ട്രേഷൻ പുതുക്കൽ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. നിശ്ചിത ഫാറത്തിലുള്ള 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പൊട്ടിച്ച അപേക്ഷ | കെട്ടിടത്തിന്റെ ഉടമസ്ഥത സംബന്ധിച്ചും സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള യോഗ്യത സംബന്ധിച്ചും ഉള്ള രേഖകൾ നൽകണം.<br>അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് നൽകണം.രജിസ്ട്രേഷനു പുറമെ ഡി&ഒ | 50 രൂപ | 15 പ്രവൃത്തി ദിവസം |

| | | | | | | |
|---|---|---|---|---|---|---|
| | | | | അനുസരിച്ചുള്ള<br>ലൈസൻസും കൂടെ എടുത്തിരിക്കണം.<br>പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ്. സാനിട്ടറി സർട്ടിഫിക്കറ്റ്, ഫുഡ്& സേഫ്റ്റി സർട്ടിഫിക്കറ്റ് ആവശ്യമായ സംഗതിയിൽ) | | |
| 37 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. നിശ്ചിത ഫാറത്തിലുള്ള 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പൊട്ടിച്ച അപേക്ഷ | കെട്ടിടത്തിന്റെ ഉടമസ്ഥത സംബന്ധിച്ചും സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള യോഗ്യത സംബന്ധിച്ചും ഉള്ള രേഖകൾ നൽകണം സ്ഥാപന ആരംഭിക്കുന്നതിന് 15 ദിവസം മുമ്പ് അപേക്ഷ സമർപ്പിക്കണം.<br>കെട്ടിട ഉടമയുടെ സമ്മതപത്രം. | 200 രൂപ | 15 പ്രവൃത്തി ദിവസം |
| 38 | നിലവിലുള്ള രജിസ്ട്രേഷൻ പുതുക്കൽ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 2. നിശ്ചിത ഫാറത്തിലുള്ള 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പൊട്ടിച്ച അപേക്ഷ | കെട്ടിടത്തിന്റെ ഉടമസ്ഥത സംബന്ധിച്ചും സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള യോഗ്യത. നിലവിലുള്ള രജിസ്ട്രേഷൻ പുതുക്കുന്നതിന് അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് നൽകണം.കെട്ടിട ഉടമയുടെ സമ്മതപത്രം. | 50 രൂപ | 15 പ്രവൃത്തി ദിവസം |
| 39 | ഫാക്ടറി/വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് (ഇൻസ്റ്റലേഷൻ പ്രവർത്തനങ്ങ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. നിശ്ചിത ഫാറത്തിലുള്ള 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പൊട്ടിച്ച അപേക്ഷ | 1 .സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ/ കെട്ടിട ഉടമയുടെ സമ്മതപത്രം.<br>2. സ്ഥലത്തിന്റെയുംകെട്ടിടത്തിന്റെയുംഅംഗീകൃത പ്ലാൻ<br>3. *മലി*നീകരണ സാദ്ധ്യതയുള്ളതാണെങ്കിൽ പരിസരവാസികളുടെ സമ്മതപത്രം. | യന്ത്രത്തിന്റ കുതിരശക്തി കണക്കാക്കി ചട്ട പ്രകാരമുള്ള ഫീസ്<br>ഫോറ വില | 1. മറ്റ് സ്ഥാപനത്തിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ടതില്ലാത്ത സംഗതിയിൽ 7പ്രവൃത്തിദിവസം. |

| | | | | | | |
|---|---|---|---|---|---|---|
| | ശ്ക്കുള്ള<br>അനുവാദം) | | | 4. കുതിര ശക്തിയിൽ കൂടുതൽ ശേഷിയുള്ള<br>യന്ത്ര<br>സാമഗ്രികൾ പ്രവർത്തിപ്പിക്കുന്ന സ്ഥാപനത്തിന്<br>ജില്ലാ മെഡിക്കൽ ആഫീസർ, മലിനീകരണ<br>നിയന്ത്രണ ബോർഡ്, അഗ്നിശമനസേന വകുപ്പ്<br>എന്നിവരുടെ നിരാക്ഷേപ പത്രങ്ങൾ.<br>വൈദ്യുത ബോർഡിന്റെ അംഗീകൃത<br>പ്ലാൻ എന്നിവ സമർപ്പിക്കണം<br>5.സർക്കാർ ഉത്തരവ് പ്രകാരം കാലാകാലങ്ങളിൽ<br>നിശ്ചയിക്കുന്ന മറ്റ് രേഖകൾ. | | 2. മറ്റ് സ്ഥാപനത്തിൽ<br>നിന്നും സാക്ഷ്യപത്രം<br>വാങ്ങേണ്ട<br>സംഗതിയിൽ അവ<br>ലഭിച്ച് കഴിഞ്ഞ്<br>15 പ്രവൃത്തിദിവസം. |
| 40 | വ്യവസായങ്ങളു<br>ം<br>ഫാക്ടറികളും<br>വ്യാപാരങ്ങളും<br>സംരംഭക<br>പ്രവർത്തനങ്ങള<br>ും മറ്റു<br>സേവനങ്ങളും<br>ആരംഭിക്കുന്നത<br>ിനുള്ള<br>ലൈസൻസ് | സെക്രട്ടറി<br>ഗ്രാമപഞ്ചായത്ത് | 1. നിശ്ചിത ഫാറത്തിലുള്ള 5<br>രൂപ കോർട്ട് ഫീസ്<br>സ്റ്റാമ്പൊട്ടിച്ച അപേക്ഷ<br>സ്ഥാപനം തുറക്കുന്നതിന് 30<br>ദിവസം മുമ്പ് പഞ്ചായത്തിൽ<br>സമർപ്പിക്കണം | 1സ്ഥാപനത്തിന്റെ കെട്ടിട ഉടമസ്ഥന്റെ സമ്മതപത്രം<br>ഹാജരാക്കണം.കടയുടെ/വീടിന്റെനമ്പർരേഖപ്പെടു<br>ത്തണം.<br>2.അപേക്ഷകന് നികുതി കുടിശ്ശിക<br>ഉണ്ടായിരിക്കരുത്.<br>തൊഴിൽ നികുതി ഈടാക്കും.<br>3.സ്ഥലനാമം,പ്ലാസ്റ്റിക്ക് നിരോധനം എന്നിവ<br>സംബന്ധിച്ച സത്യവാങ്മൂലം,<br>4.സാനിട്ടറി സർട്ടിഫിക്കറ്റ്, ഫുഡ്& സേഫ്റ്റി<br>സർട്ടിഫിക്കറ്റ് (ആവശ്യമായ സംഗതിയിൽ) | ചട്ട പ്രകാരമുള്ള<br>ഫീസ്<br>ഫോറ വില | 1. മറ്റ് സ്ഥാപനത്തിൽ<br>നിന്നും നിരാക്ഷേപ<br>സാക്ഷ്യപത്രം<br>വാങ്ങേണ്ടതില്ലാത്ത<br>സംഗതിയിൽ 7<br>പ്രവൃത്തിദിവസം.<br>2. വാങ്ങേണ്ട<br>സംഗതിയിൽ<br>അവ ലഭിച്ച്<br>കഴിഞ്ഞ്<br>15 പ്രവൃത്തിദിവസം. |

| | | | | | | |
|---|---|---|---|---|---|---|
| 41 | മരാധിഷ്ഠിത വ്യവസായങ്ങ ൾക്കുള്ള ലൈസൻസ് | സെക്രട്ടറി ഗ്രാമപഞ്ചായ ത്ത് | 1. നിശ്ചിത ഫാറത്തിലുള്ള 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പൊട്ടിച്ച അപേക്ഷ | 1 .സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ/ കെട്ടിട ഉടമയുടെ സമ്മതപത്രം.<br>2.സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും അംഗീകൃത പ്ലാൻ<br>3. മലിനീകരണ സാദ്ധ്യതയുള്ളതാണെങ്കിൽ പരിസരവാസികളുടെ സമ്മതപത്രം.<br>4. വനം വകുപ്പിന്റെ എൻ.ഒ.സി.<br>5. കുതിര ശക്തിയിൽ കൂടുതൽ ശേഷിയുള്ള യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്ന സ്ഥാപനത്തിന് ജില്ലാ മെഡിക്കൽ ആഫീസർ, മലിനീകരണ നിയന്ത്രണ ബോർഡ്, അഗ്നിശമനസേന വകുപ്പ് എന്നിവരുടെ നിരാക്ഷേപ പത്രങ്ങൾ. വൈദ്യുത ബോർഡിന്റെ അംഗീകൃത പ്ലാൻ എന്നിവ സമർപ്പിക്കണം<br>6. സർക്കാർ ഉത്തരവ് പ്രകാരം കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റ് രേഖകൾ. | യന്ത്രത്തിന്റ കുതിരശക്തി കണക്കാക്കി ചട്ട പ്രകാരമുള്ള ഫീസ്<br>ഫോറ വില | 1. മറ്റ് സ്ഥാപനത്തിൽ നിന്നും സാക്ഷ്യപത്രം വാങ്ങേണ്ടതില്ലാത്ത സംഗതിയിൽ 7 പ്രവൃത്തിദിവസം.<br>2. മറ്റ് സ്ഥാപനത്തിൽ നിന്നും സാക്ഷ്യപത്രം വാങ്ങേണ്ട സംഗതിയിൽ 15 പ്രവൃത്തിദിവസം |

| | | | | | | |
|---|---|---|---|---|---|---|
| 42 | പന്നി, പട്ടി എന്നിവയെ വളർത്തുന്നതിനുള്ള ലൈസൻസ് | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 2. നിശ്ചിത ഫാറത്തിലുള്ള 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പൊട്ടിച്ച അപേക്ഷ | പ്രതിരോധ കുത്തിവെയ്പ് നടത്തിയതിന് വെറ്റിനറി സർജൻ നൽകിയ സർട്ടിഫിക്കറ്റ്. | 10 രൂപ + ഫോറ വില | 7 പ്രവൃത്തി ദിവസം |
| 43 | അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിൽ മുൻകരുതൽ നടപടി | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. അപകടകരമായ രീതിയിൽ സ്ഥിതി ചെയ്യുന്ന വൃക്ഷങ്ങളുടെ വിവരവും സ്ഥലത്തിന്റെ സർവ്വേ നമ്പരും വൃക്ഷങ്ങളുടെ ഉടമയുടെ പേരും വിലാസവും രേഖപ്പെടുത്തി വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ സമർപ്പിക്കണം. | | ഫീസ് ഇല്ല | പഞ്ചായത്തിന്റെ തീരുമാനത്തിനു ശേഷം |

| | | | | | | |
|---|---|---|---|---|---|---|
| 44 | ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | നിശ്ചിത ഫാറത്തിൽ ഉള്ള അപേക്ഷ | 1.ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിരതാമസം ആയിരിക്കണം.<br>2.18 വയസ് പൂർത്തിയായിരിക്കണം<br>3.റേഷൻകാർഡിന്റെ പകർപ്പ്.<br>4.ഇലക്ഷൻ കമ്മീഷൻ നല്കുന്ന തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ആധാർ കാർഡ് പകർപ്പ്.<br>5.കാർഡിൽ ഉൾപ്പെടുത്തുന്നവരുടെ പാസ്പോർട്ട് സൈസിലുള്ള 3 ഫോട്ടോ.<br>6.ശാരീരിക, കായിക അധ്വാനത്തിന് തയ്യാർ ഉള്ളവർ ആയിരിക്കണം. | ഫീസില്ല | 14 പ്രവൃത്തി ദിവസം |
| 45 | ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ | | അതത് ഗ്രാമസഭകളിൽ പങ്കെടുത്ത് നിശ്ചിത ഫാറത്തിലുള്ള അപേക്ഷ സമർപ്പിക്കണം | | ഇല്ല | നിർവ്വഹണം ആരംഭിക്കുന്ന മുറയ്ക്ക് അർഹതയുള്ളവർക്ക് ആനുകൂല്യം ലഭിക്കും |

| | | | | | | |
|---|---|---|---|---|---|---|
| 46 | കന്നുകാലി,ആട്, പന്നി,മുയൽ,പൗൾട്രിഫാമുകൾ നടത്തുന്നതിനുള്ള ലൈസൻസ്. | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ( ഫോറം 1,2) | 1.അനുമതി പത്രത്തിന്റെ പകർപ്പ്<br>2.ഫാറം 2 ൽ നിശ്ചിത അപേക്ഷ(5 രൂപ കോർട്ട് സ്റ്റാമ്പ് പരിച്ച് ചട്ടം 7(1)<br>3.കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ഒക്യുപെൻസി സർട്ടിഫിക്കറ്റ്.<br>4. സൈറ്റ് , ബിൽഗിംഗ് പ്ലാൻ<br>5.പി.സി.ബി സർട്ടിഫിക്കറ്റ്(ആവശ്യമായ സംഗതികളിൽ) | പട്ടിക പ്രകാരമുള്ള ഫീസ് ചട്ടം 7(3) | 25 ദിവസം |

# കൃഷിഭവൻ, കോടഞ്ചേരി

| ക്രമ നം. | ലഭ്യമാക്കുന്ന സേവന കാറ്റഗറി | സേവനം | സേവനം ലഭ്യമാക്കുന്ന സമയപരിധി |
|---|---|---|---|
| 1 | കാർഷികോപദേശങ്ങൾ | സാങ്കേതികമായ പ്രശ്നപരിഹാരത്തിനുള്ള കൃഷി സ്ഥല സന്ദർശനം | 5 ദിവസം |
| 2 | കാർഷികോപദേശങ്ങൾ | രൂക്ഷമായി പൊട്ടിപ്പുറപ്പെടുന്ന കീടരോഗാക്രമണത്തിനുള്ള ഉപദോശ സേവനം | 8 മണിക്കൂർ |
| 3 | കാർഷികോപദേശങ്ങൾ | സാങ്കേതികമായ ഉപദേശത്തിന് കൃഷി ഭവൻ സന്ദർശിക്കുന്ന കർഷകർക്കുള്ള സേവനം | 2 മണിക്കൂർ |
| 4 | കാർഷികോപദേശങ്ങൾ | ആത്മ പദ്ധതി മുഖേന എല്ലാ ജില്ലകളിലും/ ലീഡ്സ് പദ്ധതി മുഖേന തിരഞ്ഞെടുത്ത ജില്ലകളിലും കർഷകർക്ക് സാങ്കേതിക ഉപദേശം | അടിയന്തിര ഘട്ടത്തിൽ കർഷകർ ആവശ്യപ്പെട്ട് 48 മണിക്കൂറിനുള്ളിലും മാ,ത്തിലൊരിക്കലുള്ള സ്ഥിര സന്ദർശന വേളയിലും |
| 5 | കാർഷിക സഹായ സേവനങ്ങൾ | കസ്റ്റം ഹയറിംഗ് സെന്ററുകൾ മുഖേന ലഭ്യമാക്കുന്ന കാർഷിക യന്ത്രങ്ങളുടെ സേവനം | 3 ദിവസം |
| 6 | മണ്ണ് പരിശോധന ലാബുകൾ | കാരഷകർ മണ്ണ് സാമ്പിളുകൾ നേരിട്ട് കൃഷി ഭവനിൽ പരിശോധനക്ക് നൽകുമ്പോൾ | 30 ദിവസം |
| 7 | മണ്ണ് പരിശോധന ലാബുകൾ | കർഷകർ മണ്ണുസാമ്പിളുകൾ നേരിട്ട് പരിശോധനക്ക് മണ്ണു പരിശോധന ലാബുകളിൽ നൽകുമ്പോൾ | 7 ദിവസം |
| 8 | ഉത്പാദനോപാദികളുടെ ലഭ്യത | കൃഷി ഭവൻ മുഖേനയുള്ള വിത്ത്/നടീൽ വസ്തുക്കളുടെ വിതരണം/വിൽപ്പന | കൃഷി ഭവനിലുള്ള ലഭ്യത അനുസരിച്ച് ഉടൻ സേവനം |
| 9 | ഉത്പാദനോപാദികളുടെ ലഭ്യത | വിത്ത് ഗുണമേന്മ പരിശോധന(കൃഷി ഭവൻ/വിത്തു പരിശോധനാ ശാലയിൽ നൽകുന്ന സാമ്പിളുകൾ) | 30 ദിവസം |
| 10 | | അനുമതി ലഭിച്ച പദ്ധതികൾ മുഖേന അർഹതപ്പെട്ട കർഷകനുള്ള സഹായം | കൃഷി ഭവനിൽ കർഷകർ ക്ലയിം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതിക്ക് ശേഷം 30 ദിവസത്തിന |
| 11 | | ജലസേചന ആവശ്യത്തിന് അർഹതപ്പെട്ട കർഷകന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് | 5 ദിവസം |
| 12 | | കൂട്ട് രാസവളം, ജീവാണുവളം എന്നിവയുടെ നിർമ്മാണ ലൈസൻസ് | 30 ദിവസം |

| | | | |
|---|---|---|---|
| 13 | | കീടനാശിനി/ജൈവകീടനാശിനി/ബയോകൺട്രോൾ ഏജന്റ്/ ജൈവവളം എന്നിവയുടെ ജില്ലാതല വിതരണത്തിനുള്ള ലൈസൻസ് | 45 ദിവസം |
| 14 | | കീടനാശിനി/ജൈവകീടനാശിനി/ബയോകൺട്രോൾ ഏജന്റ്/ ജൈവവളം എന്നിവയുടെ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനജല്പ ലൈസൻസും മൊത്ത വിതരണത്തിനുള്ള ലൈസൻസും | 45 ദിവസം |
| 15 | | സ്വകാര്യ നഴ്സറികൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് | 45 ദിവസം |
| 16 | | വിള ഇൻഷുറൻസ് പോളിസി നൽകൽ | 30 ദിവസം |
| 17 | | പ്രകൃതി ക്ഷോഭ ദുരിതാശ്വാസം പ്രാഥമിക അന്വേഷണ റിപ്പോർട്ട് | 30 ദിവസം |
| 18 | | കാർഷികോൽപ്പന്നങ്ങളുടെ സംഭരണം വിള, വിസ്തൃതി, കാർഷികോൽപ്പന്നങ്ങളുടെ ലഭ്യത എന്നിവ സംബന്ധിച്ച സർട്ടിഫിക്കറ്റ് നൽകൽ | 3 ദിവസം |
| 19 | | പെൻഷൻ പദ്ധതി-കർഷക രജിസ്ട്രേഷൻ | 30 ദിവസം |

## അങ്കണവാടികൾ

1. **അനുപൂരക പോഷകാഹാര വിതരണം**

(6 വയസ്സിനു താഴെയുള്ള കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും)

ഗർഭിണിയാണെന്നറിഞ്ഞ ഉടനെ അടുത്ത അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക. ഗർഭിണികൾ പ്രസവിച്ച് 6 മാസം വരെയും, കുട്ടിക്ക് 6 വയസ്സാകുന്നതു വരെയും ലഭിക്കും.

2. **രോഗപ്രതിരോധ കുത്തിവെയ്പ് ഗർഭിണികൾക്കും കുട്ടികൾക്കും**

ഗർഭിണിയാണെന്നറിഞ്ഞ ഉടനെ അടുത്ത അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക. ഗർഭിണികൾ പ്രസവിച്ച് 6 മാസം വരെയും, കുട്ടിക്ക് 6 വയസ്സാകുന്നതു വരെയും ലഭിക്കും.

3. **അനൗപചാരിക വിദ്യാഭ്യാസം 3 വയസ്സിനും 6 വയസ്സിനും ഇടയിൽ**

പ്രസവിച്ച ഉടൻ കുട്ടിയുടെ പേര് അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക. കുട്ടിക്ക് 3 വയസ്സുമുതൽ 6 വയസ്സ് പൂർത്തിയാകുന്നതു വരെ ലഭിക്കും

4. **ആരോഗ്യ പരിശോധന**

അങ്കണവാടിയിൽ പേര് രജിസ്റ്റർ ചെയ്യുക. ഗർഭിണികൾ പ്രസവിച്ച് 6 മാസം വരെയും, കുട്ടിക്ക് 6 വയസ്സാകുന്നതു വരെയും ലഭിക്കും.

5. **ആരോഗ്യ പോഷണ വിദ്യാഭ്യാസം(15 നും 45നും ഇടയിലുള്ള സ്ത്രീകൾക്ക്).**

അംഗൻവാടി കേന്ദ്രീകരിച്ച് ആരോഗ്യപ്രവർത്തകരും മറ്റും നടത്തുന്ന ക്യാമ്പിലൂടെ മാസം തോറും ലഭിക്കും.

6. **കുട്ടികളുടെ വളർച്ചാ നിരക്ക് രേഖപ്പെടുത്തുന്ന ആരോഗ്യ ചാർട്ട്**

ഓരോ അംഗൻവാടി അതിർത്തിയിലുമുള്ള ശിശുക്കളുടെ ജനനം മുതൽ 6 വയസ്സു വരെയുള്ള

കുട്ടികൾ . മാസത്തെ ആദ്യത്തെ ബുധനാഴ്ച സേവനം ലഭ്യമാകും

**7. ആരോഗ്യരക്ഷാ റഫറൽ സർവ്വീസ്**

അംഗൻവാടിയിൽ രജിസ്റ്റർ ചെയ്ത 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും താത്ക്കാലികാശ്വാസത്തിനുള്ള മരുന്ന് നൽകി തൊട്ടടുത്തുള്ള പി.എച്ച്.സി യിലേക്ക് റഫർ ചെയ്യുന്നു. തത്സമയം സേവനം ലഭ്യമാകുന്നു.

**8. ഗർഭസ്ഥ ശിശു വളർച്ചാ നിരക്ക് രേഖപ്പെടുത്തൽ**

ഓരോ അംഗൻവാടി അതിർത്തിയിലുമുള്ള ഗർഭിണികളുടെ തൂക്കം മാസം തോറും രേഖപ്പെടുത്തുന്നു

**9. കൗമാരക്കാരായ പെൺകുട്ടികളുടെ ക്ലബ്ബുകൾ**

അംഗൻവാടി തലത്തിൽ രൂപീകരിച്ച് കൗമാരപ്രായക്കാരായ പെൺകുട്ടികൽക്ക് പോഷകാഹാരം നൽകുന്നു. വളർച്ചയിലുള്ള ന്യൂനതകൾ പരിഹരിക്കുന്ന സേവനം ലഭ്യമാക്കുന്നതാണ്. (ഐ.സി.ഡി.എസ് നിബന്ധന അനുസരിച്ച്)

**10. ജാഗ്രതാസമിതി പ്രവർത്തനങ്ങൾ** : സമൂഹത്തിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ എന്നിവക്ക് ബോധവൽക്കരണം.

## <u>ഗ്രാമവികസനവകുപ്പ്</u>

**ഉദ്യോഗസ്ഥൻ: വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ**

**1. ദാരിദ്ര്യരേഖാ സർട്ടിഫിക്കറ്റ്**

അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ അന്നു തന്നെ റിപ്പോർട്ട് തയ്യാറാക്കി മേൽ നടപടികൾക്കായി അയയ്ക്കുന്നു.

**2. ജനകീയാസൂത്രണ പദ്ധതി നിർവ്വഹണം**

ഐ.എ.വൈ ഭവന പദ്ധതി മറ്റ് ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള പ്രൊജക്ടുകളുടെ ഗ്രാമസഭകൾ വഴി തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ പദ്ധതിയുടെ നിർവ്വഹണം ആരംഭിക്കുന്ന മുറയ്ക്ക് നൽകുന്നു. ലൈഫ് പദ്ധതിയുടെ നിർവ്വഹണം

**3. വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ**

പഞ്ചായത്തിൽ ലഭിക്കുന്ന വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ അന്വേഷണം നടത്തി 14 ദിവസത്തിനുള്ളിൽ നൽകുന്നു.

**4. ശുചിത്വമാലിന്യ പദ്ധതികളുടെ നിർവ്വഹണം**

## മൃഗാശുപത്രി

1. **മൃഗങ്ങൾക്കുള്ള രോഗനിർണ്ണയവും, ചികിത്സ ലഭ്യമാക്കലും**

പ്രവർത്തി ദിവസങ്ങളിൽ രാവിലെ 9.00 മണി മുതൽ 1 മണി വരെയും ഉച്ചക്ക് ശേഷം 2 മുതൽ 3 വരെയും ഡോക്ടറെ സമീപിക്കുക. തൽസമയം തന്നെ സേവനം ലഭ്യമാകും.

2. **പകർച്ച വ്യാധികൾക്കെതിരെ രോഗപ്രതിരോധ കുത്തിവെപ്പ്**

ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക. തൽസമയം തന്നെ സേവനം ലഭ്യമാക്കും.

3. **കന്നുകാലികളുടെ ഗർഭപരിശോധനയും വന്ധ്യതാ നിവാരണ ചികിത്സയും**

ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക. സേവനം ലഭ്യമാക്കും. ഫീസില്ല.

4. **വളർത്ത് നായയ്ക്കൾക്ക് പേവിഷബാധയ്ക്കെതിരെ കുത്തിവെയ്പ് നടത്തി സർട്ടിഫിക്കറ്റ് നൽകൽ**

ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിച്ച് കുത്തിവെയ്പിനുള്ള വാക്സിൻ സ്വന്തം ചിലവിൽ

ലഭ്യമാക്കുക. തൽസമയം തന്നെ സേവനം ലഭ്യമാക്കും. ഫീസില്ല.

5. **വളർത്ത് മൃഗങ്ങൾക്ക് ഇൻഷുറൻസ് സംരക്ഷണം**

ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക.(ഇൻഷുറൻസ് പ്രീമിയം ഗുണഭോക്താവ് നിർദ്ദേശാനുസരണം അടയ്ക്കണം). സർക്കാർ നിശ്ചയിക്കുന്ന ഫീസ് നൽകണം.

6. **കൃത്രിമ ബീജ സങ്കലനം**

മദിലക്ഷണം തുടങ്ങി 24 മണിക്കൂറിനുള്ളിൽ ഉരുക്കളെ ഡോക്ടറുടെ സമീപത്ത് എത്തിക്കുക.സേവനം ലഭ്യമാക്കും.

7. **മൃഗപരിപാലനം സംബന്ധിച്ച ബോധവത്കരണം**

കാലാകാലങ്ങളിൽ പ്രചരണം നൽകി സംഘടിപ്പിക്കുന്നതാണ്.

8. **വാക്സിനേഷൻ**

കന്നുകാലികളെ ബാധിക്കുന്ന പകർച്ച വ്യാധികൾക്ക് എതിരായ വാക്സിനേഷൻ ഡ്യൂട്ടി സമയങ്ങളിൽ കേന്ദ്രത്തിലും, ക്യാമ്പിലും സേവനം ലഭ്യമാകും. പെട്ടെന്ന് പൊട്ടിപുറപ്പെടുന്ന രോഗങ്ങൾക്ക വാക്സിനേഷൻ ലഭ്യമാക്കും. ഫീസില്ല

9. **കന്നുകാലികൾക്കുള്ള പ്രാഥമിക ചികിത്സ** ഡ്യൂട്ടി സമയത്ത് ഡോക്ടറെ നേരിൽ സമീപിക്കുക. തൽസമയം തന്നെ സേവനം ലഭ്യമാകും.

പൊതുജനങ്ങൾക്കുള്ള പരാതികൾക്ക് ഡോക്ടറെ സമീപിക്കുക അതതുസമയം പരിഗണിക്കുന്നതാണ്.

## ആരോഗ്യം

❖ **ഗവ:ആയുർവ്വേദ ഡിസ്പെൻസറി**

1. **പരിശോധനയും ചികിത്സയും**

രാവിലെ 9 മുതൽ 2 വരെ രോഗി നേരിട്ട് ഹാജരാകണം. ഒ.പി ടിക്കറ്റ് എടുക്കണം

**2. മെഡിക്കൽ സർട്ടിഫിക്കറ്റ്**

പ്രസ്തുത ആശുപത്രിയിൽ ചികിത്സ തേടുന്നവർക്കാണ് മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നത്. അപേക്ഷകൻ പ്രവൃത്തി സമയത്ത് നേരിൽ ഹാജരാകണം. തൽസമയം തന്നെ ലഭിക്കും

**3. ലൈഫ് സർട്ടിഫിക്കറ്റ്**

പെൻഷൻ പേമെന്റ് ഓർഡർ സഹിതം അപേക്ഷകൻ നേരിൽ സമീപിക്കണം. ഒ പി ടൈം കഴിഞ്ഞ് (2 പി എം ന് ശേഷം) മാത്രം ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**4. ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ**

ഒറിജിനൽ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷകൻ നേരിട്ട് ഹാജരാകണം

5. പഞ്ചായത്തിന്റെ വാർഷിക പദ്ധതി പ്രോജക്ടുകൾ നടപ്പിലാക്കൽ.

6. ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശ പ്രകാരം മെഡിക്കൽ ക്യാമ്പുകൾ, ബോധവത്കരണം.

## ❖ ഹോമിയോ ഡിസ്പെൻസറി

### 1. പരിശോധനയും ചികിത്സയും

**1. മരുന്നുകൾ കൊണ്ട് മാറ്റുവാനോ കുറയ്ക്കുവാനോ പറ്റുന്ന എല്ലാവിധ രോഗങ്ങൾക്കും ചികിത്സയും ഉപദേശവും.**

രോഗി നേരിൽ വന്ന് പേര് രജിസ്റ്റർ ചെയ്തതിനു ശേഷം മെഡിക്കൽ ആഫീസറെ കാണണം. സ്ഥാപനത്തിൽ എത്തുന്ന മുൻഗണന ക്രമത്തിൽ സേവനം ലഭിക്കുന്നതാണ്

**2. കുട്ടികൾക്കുള്ള രോഗപ്രതിരോധ ഔഷധങ്ങൾ**

കുട്ടിയെ കൊണ്ടുവന്ന് പേര് രജിസ്റ്റർ ചെയ്യണം. സ്ഥാപനത്തിൽ എത്തുന്ന മുൻഗണന ക്രമത്തിൽ സേവനം ലഭിക്കുന്നതാണ്

**3. പ്രതിരോധ മരുന്നുകൾ**

മരുന്ന് ആവശ്യമുള്ളവർ നേരിൽ വന്ന് പേര് രജിസ്റ്റർ ചെയ്യണം.

4. എല്ലാ ദിവസവും (ഞായർ ഒഴികെ) രാവിലെ 9 മുതൽ 2 വരെ ഒ.പി നടത്തപ്പെടുന്നു

5. എല്ലാ മാസത്തിലും ഒരു ദിവസം പാലിയേറ്റീവ് സന്ദർശനം

6. അങ്കണവാടി സന്ദർശനം ( വർഷത്തിൽ 10 പ്രാവശ്യം)

7. കോവിഡാനന്തര ചികിത്സ.

## ❖ സി എച്ച് സി എലിഞ്ഞിപ്ര, ചൗക്ക–കോടശ്ശേരി

### മാതൃ ശിശുസംരക്ഷണ ചികിത്സ :

**1.കുട്ടികളുടേയും** ഗർഭിണികളുടേയും രോഗപ്രതിരോധകുത്തിവയ്പ്പ് എല്ലാ ബുധനാഴ്ചയും പ്രതിരോധ ചികിത്സകൾ നടത്തപ്പെടുന്നു.

2. ഗർഭിണികളെ പരിശോധിക്കുകയും ടെറ്റനസ് പ്രതിരോധ ചികിത്സയും ഐ.എഫ്.എ ടാബ്ലറ്റ് ഉപയോഗിച്ച് വളർച്ചാ ചികിത്സയും നടത്തുന്നു.

3.കുട്ടികൾക്ക് വിറ്റാമിൻ എ സിറപ്പ് കൊടുക്കുന്നു.

4.സബ്സെന്ററുകളിൽ പ്രതിരോധകുത്തിവെയ്പ്.

5. കുടുംബാസൂത്രണ മാർഗ്ഗങ്ങൾ., കോപ്പർട്ടി ഇൻസേർഷൻ, എൻ എസ് വി അഡ്വൈസ്

പേവിഷബാധക്കെതിരെ ഉള്ള കുത്തിവെയ്പ്പ് എല്ലാ ദിവസവും

ക്ഷയരോഗ ചികിത്സ, കുഷ്ഠരോഗ ചികിത്സ. എല്ലാ ദിവസവും

എച്ച്1,എൻ1 ചികിത്സ

വയറിളക്കരോഗ ചികിത്സ

മലമ്പനി നിർണ്ണയവും ചികിത്സയും.

ജീവിതശൈലി രോഗനിർണ്ണയവും ചികിത്സയും

സാന്ത്വനരോഗീ പരിചരണം(പാലിയേറ്റീവ് കെയർ)

എല്ലാ ദിവസവും പാലിയേറ്റീവ് ഒ.പി ഉണ്ടായിരിക്കുന്നതാണ്.കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം എല്ലാ ദിവസവും ഉണ്ടായിരിക്കും, മാസത്തിൽ 16 ഹോം കെയർ.

കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാം എല്ലാമാസവും 20–ാം തീയതി ഉണ്ടായിരിക്കുന്നതാണ്.

കാഴ്ച പരിശോധന എല്ലാ ചൊവ്വാഴ്ചയും.

വൃദ്ധജനങ്ങൾക്കായുള്ള Geriatric OP എല്ലാ ചൊവ്വാഴ്ചയും ഉണ്ടായിരിക്കുന്നതാണ്.

ദേശീയ ആരോഗ്യപരിപാടികളുടെ നടത്തിപ്പ്.

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനംസംബന്ധിച്ച വിവരങ്ങൾ | സേവനംലഭ്യമാക്കുന്ന ഉദ്യോഗസ്ഥൻ | ഹാജരാക്കേണ്ട രേഖകൾ | സേവനം ലഭ്യമാക്കുന്ന സമയ പരിധി |
|---|---|---|---|---|
| 1 | **ഡി&ഒ ട്രേഡ്** | **മെഡിക്കൽ ആഫീസർ** | **ഹെൽത്ത് കാർഡ്,ജലത്തിന്റെ ഗുണനിലവാര സാക്ഷ്യ പത്രം പുകയില വിരുദ്ധബോർഡിനെ സംബന്ധിക്കുന്ന രേഖകൾ.** | **സ്ഥല പരിശോധനയ്ക്ക് ശേഷം 14 ദിവസം** |
| 2 | **ചികിത്സ സാക്ഷ്യപത്രം** | **മെഡിക്കൽ ആഫീസർ** | **ചികിത്സയെ സംബന്ധിച്ച വിശദ വിവരങ്ങൾ** | **അതേദിവസം** |
| 3 | വയസ് തെളിയിക്കുന്നതിനുള്ള സാക്ഷ്യ പത്രം | **മെഡിക്കൽ ആഫീസർ** | എസ്.എസ്.എൽ.സി ബുക്ക്/അനുബന്ധ രേഖകൾ | **അതേദിവസം** |
| 4 | മദ്യപ അവസ്ഥയുടെ സാക്ഷ്യപത്രം | **മെഡിക്കൽ ആഫീസർ** | **ചികിത്സിച്ചുകൊണ്ടിരിക്കുന്ന ഡോക്ടറിൽ നിന്നും ചികിത്സയെ സംബന്ധിച്ച വിശദ വിവരങ്ങൾ** | **3 ദിവസം** |

| | | | | |
|---|---|---|---|---|
| 5 | പ്രതിരോധ ചികിത്സാ സാക്ഷ്യപത്രം | **മെഡിക്കൽ ആഫീസർ** | പ്രതിരോധ ചികിത്സയെ **സംബന്ധിച്ച വിവരങ്ങൾ** | **3 ദിവസം** |
| 6 | **മെഡിക്കോ ലീഗൽ സർട്ടിഫിക്കറ്റിന്റെ വ്യക്തിഗത പകർപ്പ്.** | **മെഡിക്കൽ ആഫീസർ** | **ചികിത്സയെ സംബന്ധിച്ച വിശദ വിവരങ്ങൾ** | **30 ദിവസം** |
| 7 | അർബുദ/ക്ഷയരോഗത്തിന് ധനസഹായത്തിനുള്ള സാക്ഷ്യ പത്രം | **മെഡിക്കൽ ആഫീസർ** | ബന്ധപ്പെട്ട **ഡോക്ടറിൽ നിന്നും ചികിത്സയെ സംബന്ധിച്ച വിശദ വിവരങ്ങൾ** | **7 ദിവസം** |

# <u>വിദ്യാഭ്യാസം</u>

## 1. പ്രവേശന രജിസ്റ്ററിന്റെ ശരിപ്പകർപ്പ്

5 രൂപാ കോർട്ട് ഫീസ് സ്റ്റാമ്പൊട്ടിച്ച അപേക്ഷയും അപേക്ഷകന്റെ പേരിൽ വാങ്ങിയ 10 രൂപാ മുദ്ര പത്രം. 3 ദിവസത്തിനുള്ളിൽ സേവനം ലഭിക്കും.

- **സാക്ഷരതാ തുടർ വിദ്യാഭ്യാസം**

തുടർ വിദ്യാഭ്യാസ പരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. നിരക്ഷരെ സാക്ഷരരാക്കാനുള്ള സാക്ഷരതാ പരിപാടിയും നവസാക്ഷരർക്കും സ്കൂളിൽ നിന്നും കൊഴിഞ്ഞു പോയവർക്കും തുടന്നു പഠനം നടത്തുവാനവസരം കൊടുക്കുന്നതും സെന്ററുകൾ വഴിയാണ്. 4, 7 ക്ലാസുകളിലെ തുല്യതാ തുടർ വിദ്യാഭ്യാസ പഠനം പൂർത്തിയാക്കി പരീക്ഷകൾ നടത്തുന്നുണ്ട്. പരീക്ഷകളിൽ വിജയിക്കുന്നവർക്ക് ഗവൺമെന്റ് അംഗീകാരമുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു. 10–ാം ക്ലാസ് തുല്യതാപരിപാടിയുടെ പഠനം പൂർത്തിയാക്കുന്നതനുസരിച്ച് പരീക്ഷകൾ നടത്തുന്നു

നവ സാക്ഷരരും, നിരക്ഷരരും, സ്കൂളിൽ നിന്ന് കൊഴിഞ്ഞു പോയവരും അനൗപചാരിക വിദ്യാഭ്യാസം പൂർത്തിയാക്കിയവരും അജീവനാന്ത വിദ്യാഭ്യാസത്തിൽ താൽപ്പര്യമുള്ളവരുമാണ് തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഗുണഭോക്താക്കൾ.

ഭാഗം–2

# പൗരന്റെ ചുമതലകളും കടമകളും

1. നികുതികളും ഫീസും യഥാസമയം അടയ്ക്കുക. പിഴപ്പലിശ, ജപ്തി, പ്രോസിക്യൂഷൻ എന്നിവ ഒഴിവാക്കുക
2. പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ കേരള പഞ്ചായത്ത് രാജ് നിയമം 220 അനുശാസിക്കുന്ന പ്രകാരം നിർദ്ദിഷ്ട റോഡിനോട് ചേർന്ന അതിരിൽ നിന്നും 3 മീറ്റർ വിട്ട് നിർമ്മിക്കുക. (അതായ് സ്വന്തം ഭൂമിയിൽ 3 മീറ്റർ സ്ഥലം ഒഴിച്ചിടണം).
3. കെട്ടിടം പുതിയതായി നിർമ്മിക്കുകയോ നിലവിലുള്ളത് പുതുക്കി പണിയുകയോ ചെയ്താൽ പണി പൂർത്തിയായ ഉടൻ തന്നെപഞ്ചായത്തിൽ വിവരം അറിയിക്കുകയും നികുതി നിർണ്ണയം/ പുനർ നിർണ്ണയം നടത്തിക്കുകയും ചെയ്യുക.
4. പൊതുസ്ഥലങ്ങൾ റോഡുകൾ എന്നിവ വൃത്തിയായി സൂക്ഷിക്കാൻ സഹകരിക്കുക. ആവശ്യമില്ലാത്ത സാധനങ്ങൾ പൊതുവഴിയിലും, പൊതുസ്ഥലങ്ങളിലും വലിച്ചെറിയുന്ന ശീലം മതിയാക്കുക. അവ പൊതുജനങ്ങൾക്ക് ഉപദ്രവം അല്ലാത്ത വിധം നിക്ഷേപിക്കുക.
5. പൊതു സ്ഥലങ്ങളിലും പുകവലിയ്ക്കുന്നതും മദ്യം കഴിക്കുന്നതും ഉപേക്ഷിക്കുക. അപ്രകാരം ചെയ്യുന്നവരെ നിരുത്സാഹപ്പെടുത്തുക
6. പാൻപരാഗ്, ഹാൻസ് തുടങ്ങിയ പേരുകളിൽ വിൽക്കപ്പെടുന്ന ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളുടെ ഉപയോഗം ഉപേക്ഷിക്കുക. വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ മെഡിക്കൽ ആഫീസറെ വിവരം അറിയിക്കുക.
7. കൃഷിയിടങ്ങളിൽ രൂക്ഷമായ കീടനാശിനികൾ ഉപയോഗിക്കുന്നതിന് മുമ്പ് കൃഷി ആഫീസറുടെ ഉപദേശം തേടുക
8. പൊതുവായ കുടിവെള്ള സ്രോതസ്സുകൾ മലിനമാകാതെ ശ്രദ്ധിക്കുക
9. ഗ്രാമസഭാ യോഗങ്ങളിൽ പങ്കെടുക്കുകയും നാടിന്റെ വികസനത്തിൽ പങ്കാളികൾ ആവുകയും ചെയ്യുക
10. സ്വന്തം പറമ്പിലെ മരമോ അതിന്റെ കൊമ്പുകളോ അന്യന്റെ കെട്ടിടത്തിന് ഭീഷണിയായി നിൽക്കുകയോ അവരുടെ കൃഷിക്ക് ദോഷകരമായി നിൽക്കുകയോ അവരുടെ കുടിവെള്ള സ്രോതസ്സിനെ മലിനമാക്കുന്ന വിധത്തിൽ ആയിരിക്കുകയോ ചെയ്യുന്നവെങ്കിൽ ആ മരമോ അതിന്റെ കൊമ്പുകളോ മുറിച്ചു മാറ്റുകയും തടസ്സം നീക്കുകയും ചെയ്യുക.

# പൊതുവായ നിബന്ധനകൾ

1. വെള്ള പേപ്പറിൽ തയ്യാറാക്കുന്ന അപേക്ഷകളിൽ അപേക്ഷകന്റെ പൂർണ്ണമായ മേൽവിലാസവും അപേക്ഷ സംബന്ധിച്ച വിശദവിവരങ്ങളും, ഫോൺ നമ്പരും ഉണ്ടായിരിക്കണം.അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നത് അഭികാമ്യം
2. അപേക്ഷകളിൽ 5 രൂപ കോർട്ട്ഫീസ് സ്റ്റാമ്പ് പതിപ്പിച്ചിരിക്കണം
3. ക്ഷേമ പെൻഷനുകളും മറ്റ് സാമ്പത്തികാനുകൂല്യങ്ങളും സർക്കാർ ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ.
4. പഞ്ചായത്തിന് പുറത്തുള്ള അധികാര സ്ഥാപനങ്ങളിൽ നിന്ന് ഉത്തരവ്/നടപടി ആവശ്യമായി വരുന്ന സംഗതിയിൽ അവ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സേവനം ലഭിക്കുകയുള്ളൂ.
5. ഉദ്യോഗസ്ഥരുടെ തസ്തികകളിലെ ഒഴിവ്, ദീർഘകാല അവധി,ഒദ്യോഗിക യാത്രകൾ മറ്റ് അടിയന്തിര പ്രധാന്യമുള്ള ജോലികൾ ഉദ്യോഗസ്ഥരുടെ അവധി എന്നിവ മൂലം സമയ നിബന്ധനകളിൽ വ്യതിയാനം വരുന്നതാണ്
6. കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളും നിയമഭേദഗതികളും അനുസരിച്ച് രേഖയിൽ വ്യതിയാനം വരുന്നതാണ്.
7. അപേക്ഷകൾ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന കൈപ്പറ്റിയതിനുള്ള രസീത്, അത് സംബന്ധിച്ച പിന്നീടുള്ള അന്വേഷണങ്ങൾക്ക് രസീത് കൊണ്ടുവരേണ്ടതുമാണ്.
8. ഒരാൾക്ക് ഏതെങ്കിലും ഒരു ക്ഷേമപെൻഷൻ മാത്രമേ ലഭിക്കുകയുള്ളൂ(വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് മറ്റൊരു സാമുഹ്യ സുരക്ഷ പെൻഷൻ ലഭിക്കുന്നതിന് കൂടി അർഹത ഉണ്ടായിരിക്കും.

****************************************************************************************************